Deepika 6/2/2015

14





തിരുമാറാടി സെന്റ് മേരീസ് കത്തോലിക്കാ പള്ളിയിൽ പരിശുദ്ധ കന്യാമറിയത്തിന്റെ തിരുനാളിന് വികാരി ഫാ. മാത്യു എണ്ണയ്ക്കാപ്പിള്ളിൽ കൊടിയേറ്റുന്നു.

## റേഷൻകാർഡ് പുതുക്കൽ - ഇന്ന്

7 കവളങ്ങാട് പഞ്ചായത്ത് ഹാൾ, 3 കവളങ്ങാട് സെൻട്രൽ ലൈബ്രറി, 53 പാത്തമറ്റം ഹയർസെക്കൻഡറി സ്കൂൾ, 79 ഉപ്പുകുളം റേഷൻ കടയ്ക്ക് സമീപം, 95, 4 പുത്തൻകുരിശ് സിപിഐ പാർട്ടി ഓഫീസ്, 45, 109 നേര്യമംഗലം കമ്യൂണിറ്റി ഹാൾ.
റേഷൻ കട നമ്പർ 52 – കോയക്കാട്ട് ഓഡിറ്റോറിയം പുളിന്താനം, 65 – ഏനാനല്ലൂർ സഹകരണ ബാങ്ക്, 237 മാസ് കോംപ്ലക്സ് ആരക്കുഴ റോഡ് മൂവാറ്റുപുഴ.ഇന്നു രാവിലെ ഒമ്പതു മുതൽ വൈകുന്നേരം അഞ്ചു വരെ.

## ഇന്നത്തെ പരിപാടി

**കല്ലൂർക്കാട്:** ലൂർദ്മാതാവിന്റെ ഗ്രോട്ടോയിൽ പരിശുദ്ധകന്യാമറിയത്തിന്റെ തിരുനാൾ കുർബാന വൈകുന്നേരം നാലിന്.
**കുത്താട്ടുകുളം:** സെന്റ് മേരീസ് കത്തോലിക്കാപള്ളിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ കുർബാന വൈകുന്നേരം അഞ്ചിന്.
**കോതമംഗലം:** റവന്യു ടവറിൽ കലാസാംസ്കാരിക സംഘടന ബോധിയുടെ നേതൃത്വത്തിൽ സാംസ്കാരികോത്സവം രാവിലെ 10 മുതൽ.
**കോതമംഗലം:** ചുങ്കത്താൻകെട്ട് ചെങ്കര മാർ ഇഗ്നാത്തിയോസ് നൂറോനോ യാക്കോബായ പള്ളിയിൽ പെരുനാൾ കുർബാന രാവിലെ എട്ടിന്.
**കോലഞ്ചേരി:** കടമറ്റം സെന്റ് ജോർജ് യാക്കോബായ വലിയപള്ളിയിൽ പെരുനാൾ വിശുദ്ധകുർബാന രാവിലെ ഏഴിന്.
**തിരുമാറാടി:** സെന്റ് മേരീസ് കത്തോലിക്കാപള്ളിയിൽ പരിശുദ്ധകന്യകാമറിയത്തിന്റെ തിരുനാൾ വിശുദ്ധകുർബാന വൈകുന്നേരം അഞ്ചിന്.
**കോലഞ്ചേരി:** കടമറ്റം സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ പെരുനാൾ വിശുദ്ധമൂന്നിന്മേൽ കുർബാന വലിയപള്ളിയിൽ രാവിലെ എട്ടിന്.
**കോലഞ്ചേരി:** കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് യാക്കോബായ പള്ളിയിൽ ജൂബിലി സ്മാരക പെരുനാൾ വിശുദ്ധകുർബാന രാവിലെ എട്ടിന്.
**കുത്താട്ടുകുളം:** മണികണ്ഠം സ്വാമി ക്ഷേത്രത്തിലെ ഉത്സവം ഇന്നു വൈകുന്നേരം 6.30ന്.
**കോതമംഗലം:** മാർ ബേസിൽ എച്ച്എസ്എസിൽ അത്ലറ്റിക് ടീമിലെ കുട്ടികളെ സെലക്ഷൻ ട്രയൽസ് സ്കൂൾ സ്റ്റേഡിയത്തിൽ രാവിലെ എട്ടു മുതൽ.

## ഇന്നത്തെ സിനിമ

### മൂവാറ്റുപുഴ

**ഐശ്വര്യ:** എന്നെ അറിയാൽ (4)
**ലത:** ഷമിതാബ് (4), **എസ്ത:** മിലി(11.15, 2.15), പിക്കറ്റ് –43 (6.9)
**വെട്ടുകാട്ടിൽ:** ആട് ഒരു ഭീകര ജീവി

### കോതമംഗലം

**ആൻ:** എന്നെ അറിയാൽ (4)
**ജലഹർ:** ആട് ഒരു ഭീകര ജീവി (4)
**ഇ വി എം:** ഷമിതാബ് (4)
**മാതാ:** പിക്കറ്റ് –43 (4)

# പോലീസിനെ വട്ടം ക

മൂവാറ്റുപുഴ: പോലീസിനെ വട്ടം കറക്കി നഗരത്തിൽ മോഷണം വ്യാപകമാകുന്നു. അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് വ്യാപാര സ്ഥാപനങ്ങളുടെയും, വീടുകളുടെയും ഷട്ടറുകളും, വാതിലുകളും തകർത്ത് മോഷണം നടത്തുന്ന സംഘമാണ് മേഖലയിൽ വ്യാപകമായി മോഷണം നടത്തുന്നത്.

ബുധനാഴ്ച രാത്രി പെരുമറ്റത്ത് രണ്ട് കടകളിലും, നന്മ സ്റ്റോറിലുമാണ് ഒടുവിൽ മോഷണം നടന്നത്. പെരുമറ്റത്തെ നന്മ സ്റ്റോറിന്റെ ഷട്ടറിന്റെ പൂട്ട് കത്തിച്ച് അകത്ത് കടന്ന മോഷ്ടാക്കൾ ഷെൽഫ് തകർക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു.

ഇതിനു സമീപം പ്രവർത്തിക്കുന്ന പി.എം.എ.ഏജൻസീസിന്റെ ഷട്ടറിന്റെ താഴ് തകർത്ത് മോഷ്ടാക്കൾ അകത്ത് കടന്നെങ്കിലും ഒന്നും നഷ്ടപ്പെട്ടില്ല.

ഇതിനു സമീപത്തുള്ള ബൈക്ക് ഷോറൂം ... ബേക്കറിയിൽ നിന്നും 1600 രൂപ കവർന്നു. പൊറ്റയ്ക്കം ... യിലെ



ഊന്നുകൽ ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ വാർഷികം ബ്ലോക്ക് പഞ്ചായത്ത് ... ഉദ്ഘാടനം ചെയ്യുന്നു. ജോഷി കുര്യാക്കോസ്, മോളി വർഗീസ്, പുതിയേടത്ത്, കെ.കെ. പൗലോസ്, ടി.കെ. കുഞ്ഞുമോൻ, യു.കെ. ... സമീപം.

## സ്പോക്കൺ ഇംഗ്ലീഷ് കോഴ്സ്

വാഴക്കുളം: വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ 45 മണിക്കൂർ സായാഹ്ന സ്പോക്കൺ ഇംഗ്ലീഷ് കോഴ്സ് ആരംഭിച്ചു. കാർമൽ സിഎംഐ ഇൻസ്റ്റിറ്റ്യൂട്ടിലെ ഫാ. സൈമൺ പഴമ്പിള്ളിൽ, ദേവ സമാധിനി ഉമത് സത്മാ ബെപാരി എന്നിവരാണ് ക്ലാസ് നയിക്കുന്നത്. അത്യാധുനിക ലാംഗ്വേജ് ലാബിന്റെ സഹായത്തോടെ നടത്തുന്ന കോഴ്സിൽ വിദ്യാർഥികൾക്കും പുറമേനിന്നുള്ളവർക്കും പങ്കെടുക്കാം. ഫോൺ: 9556926229, 9446582168.

## അംഗത്വ കാമ്പയിൻ

ഇലഞ്ഞി: കോൺഗ്രസ് 123-ാം ബൂത്ത് അംഗത്വ കാമ്പയിൻ എട്ടിന് രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നു വരെ നടക്കും. ഇലഞ്ഞി കോൺഗ്രസ് ഭവനിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി ഉദ്ഘാടനം ചെയ്യും. മണ്ഡലം പ്രസിഡന്റ് ജോളി പീറ്റർ അറിയിച്ചു.

## സർക്കാർ നിശ്ചയി കർഷകർക്കു ലഭി

പോത്താനിക്കാട്: സർക്കാർ ... മാക്കാത്തതുമൂലം റബർ ഉത്പ... അതാതു ദിവസത്തെ ബാങ്കോ... ചുങ്കവും അഞ്ചുശതമാനം വ... ബോർഡ് പ്രസിദ്ധീകരിക്കുന്ന ... റബർ സംഭരിക്കണമെന്നാണ് ... നിശ്ചയിച്ചിരിക്കുന്ന വിലയിൽ ... സംഭരിക്കുന്നത്. പ്രതിസന്ധിക്ക് ... ട്ടൂർ ആർപിഎസ് പ്രസിഡ...

## പരിശുദ്ധ പാത്രി ...റക്കാട് പള്ളിയി

മൂവാറ്റുപുഴ: റാക്കാട് സെന്റ് ... ഡ്രൽ നേർച്ചപ്പള്ളിയിൽ പരി... ണം നൽകും. 10ന് വൈകുന്നേ... യേൽ റമ്പാന്റെ അധ്യക്ഷത... ആരംഭിച്ചു. സ്വീകരണത്തിന് ... എട്ടിന് രാവിലെ 10.30 ന് പള്ളി... യത്ത് വൈസ് പ്രസിഡന്റ് ...

## ഓഫീസ് മാറ്റി പ്ര

പായിപ്ര: പള്ളിത്താഴത്ത് ... സ്റ്റേഷൻ ആശുപത്രിപടിയി... പ്രവർത്തനം ആരംഭിച്ചതായി ... ണർ അറിയിച്ചു.

Deepika 8/12/2015

# വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ എംഎസ്‌സി ജോയിന്റ് അഡ്മിഷൻ ടെസ്റ്റ്

വാഴക്കുളം: വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ ഐഐടി ചെന്നൈ 2016-ലെ എംഎസ്‌സി ജോയിന്റ് അഡ്മിഷൻ ടെസ്റ്റ് നടത്തും. ഇന്നു രാവിലെ ഒമ്പതു മുതലാണ് ടെസ്റ്റ്. 400 കുട്ടികൾ ടെസ്റ്റിൽ പങ്കെടുക്കും. സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള രണ്ട് സെന്ററുകളിൽ ഒന്നാണ് വിശ്വജ്യോതി എൻജിനിയറിംഗ് കോളജ്.

## സെമിനാർ

കോതമംഗലം: എംഎ കോളജ് വജ്ര ജൂബിലിയോടനുബന്ധിച്ച് ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'സമകാലീന ഹിന്ദി സാഹിത്യത്തിലെ നൂതന പ്രവണതകൾ' എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തി. പ്രിൻസിപ്പൽ ഡോ. ലീന ജോർജ് ഉദ്ഘാടനം ചെയ്തു. ഡോ. ബി. വിജയകുമാർ, വടക്കാഞ്ചേരി വ്യാസ എൻഎസ്എസ് കോളജ് ഹിന്ദി വിഭാഗം മേധാവി ഡോ. പി. ഗീത എന്നിവർ പ്രസംഗിച്ചു. ഡോ. മിനി വർഗീസ്, ഡോ. മോഹനൻപിള്ള, എം.എ. സിബി എന്നിവർ നേതൃത്വം നൽകി.

# നെല്ലിമറ്റം ആയുർവേദാശുപത്രിയിൽ മരുന്നു ക്ഷാമം; രോഗികൾ വലയുന്നു

കോതമംഗലം: നെല്ലിമറ്റം ആയുർവേദ ആശുപത്രിയിലെ മരുന്ന് ക്ഷാമം പരിഹരിക്കാൻ നടപടി വേണമെന്ന ആവശ്യം ശക്തം. വയോധികരും സ്ത്രീകളുമടക്കം നൂറുകണക്കിന് രോഗികളാണ് ദിനംപ്രതി ഇവിടെ ചികിത്സ തേടിയെത്തുന്നത്. ഡോക്ടറുടെ സേവനം ലഭിക്കുന്നുണ്ടെങ്കിലും പലമരുന്നുകളും ആശുപത്രിയിൽ ലഭ്യമല്ലാത്തതിനാൽ രോഗികൾ വലയുകയാണ്. സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്നവരാണ് ഇവിടെ ചികിത്സ തേടിയെത്തുന്നത്. പൈമറ്റം, പരീക്കണ്ണി, ഊന്നുകൽ, പുലിയൻപാറ, കുത്തുകുഴി, കവളങ്ങാട് മേഖലകളിൽനിന്ന് ദിനംപ്രതി നൂറുകണക്കിന് രോഗികളാണ് ഇവിടെ ചികിത്സ തേടിയെത്തുന്നത്. പഞ്ചായത്ത് അധികൃതരുടെ അനാസ്ഥമൂലം പണം അനുവദിക്കാത്തതാണ് ആശുപത്രിയിൽ മരുന്നു ക്ഷാമം രൂക്ഷമാകാനിടയാക്കിയതെന്നും ആക്ഷേപമുണ്ട്. അടിയന്തരമായി ആശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണമെന്നതാണ് നാട്ടുകാരുടെ ആവശ്യം.



ഊന്നുകൽ എൽഎഫ്എൽപി സ്കൂളിൽ വിദ്യാർഥികൾ ഒരുക്കിയ പ്രദർശനത്തിന്റെ ഉദ്ഘാടനം എൽദോ എബ്രഹാം വർഗീസ് നിർവഹിക്കുന്നു. സിബി ജെ. അടപ്പൂർ, യു.കെ. കാസിം, റെജി പീറ്റർ, ലിജിയാമ്മ മാത്യു, ഫാ. ജേക്കബ് പുതിയേടത്ത് എന്നിവർ സമീപം.

...വൻ സാമ്പത്തിക ബാധ്യതയാണ് ഇവർക്ക് വന്നു ചേർന്നിരിക്കുന്നത്. ദിനം പ്രതി 40 മുതൽ 50 ലോഡു വരെ പൈനാപ്പിളാണ് മുംബൈ മാർക്കറ്റിലേയ്ക്ക് കയറ്റി അയച്ചിരുന്നത്. എന്നാൽ ഇത് 10 ലോഡിൽ താഴെ പരിമിതപ്പെടുത്താനാണ് കഴിഞ്ഞ ദിവസം യോഗം ചേർന്ന് വ്യാപാരികൾ തീരുമാനിച്ചിരിക്കുന്നത്. മുംബൈ വിപണിയിൽ വില ഉയർത്താനുള്ള സമർദ്ദ തന്ത്രത്തിന്റെ ഭാഗമായാണ് ഈ തീരുമാനമെങ്കിലും ഇത് എത്രമാത്രം ഫലം കാണുമെന്ന കാര്യത്തിൽ ആശങ്കയുണ്ട്. നാളെ മുതൽ ഇത് പ്രാബല്യത്തിലാക്കാനാണ് വ്യാപാരികളുടെ നീക്കമെന്നറിയുന്നു. മുംബൈ വിപണിയിൽ പൈനാപ്പിൾ എത്തുന്നതിനാണ് വില ലഭിക്കുന്നത്. ലോഡ് കൂടുതലായി...



വാഴക്കുളം

മുംബൈ മാർ... ന്നതിനാൽ അ... റിംഗ വ്യാപാരി... ദിഷണിയായി... കൂടുമെന്ന പ്ര... ഷർവിളവെടുപ്പ്... യിരുന്നു. എന്ന... മൂപ്പെത്തിയ പൈ... പഴ; മരുന്നടി... ഇതോടെ വിള...

# റോഡിന് നടു... ഗതാഗത ...

കോതമംഗലം: വീതി കൂട്ടി പുനർനിർമിച്ചിട്ടും ലിങ്ക് റോഡിന് നടുവിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കാത്തത് വിനയാകുന്നു. കൊച്ചി- ധനുഷ്കോടി ദേശീയ പാതയിൽ കോതമംഗലം നഗരത്തിൽ കുന്നുംവലവിൽ കുരൂർപാലത്തിന് സമീപത്തുനിന്നും ആരംഭിച്ച് തങ്കളം ബൈപാസിലേക്കുള്ള ലിങ്ക് റോഡിന്റെ പ്രവേശന കവാടത്തിലാണ് നടുറോഡിലെ വൈദ്യുതി പോസ്റ്റ് നീക്കം ചെയ്യാൻ തയാറാകാത്തത്.

നഗരത്തിൽ തിരക്ക് വർധിക്കുമ്പോൾ ലിങ്ക് റോഡുകൾ വഴി ബൈപാസ് റോഡിലേക്ക് വാഹനങ്ങൾ തിരിച്ചുവിട്ടാണ് ഗതാഗതം നിയന്ത്രിക്കുന്നത്. ഇതിനായി ലിങ്ക് റോഡുകൾ എല്ലാംതന്നെ വീതി കൂട്ടി പുനർനിർമിക്കുകയും ചെയ്തു. എന്നാൽ, കുന്നുംവലവിൽ കുരൂർപാലത്തിനു സമീപത്തു നിന്നും ആരംഭിക്കുന്ന റോഡിനു നടുവിലെ വൈദ്യുതി പോസ്റ്റ് നീക്കം ചെയ്യാതെ ഇരുവശവും ടാറിംഗ് പൂർത്തീകരിച്ചിരിക്കുകയാണ്.

ഈ ഭാഗത്ത് കുരൂർതോടിന്റെ ഓരം ചേർന്ന് ടാറിംഗ് പൂർത്തീകരിച്ചിട്ടും തോടിന്റെ ഭാഗത്ത് കൈവരികൾ സ്ഥാപിക്കുകയോ സംരക്ഷണ മതിൽ നിർമിക്കുകയോ ചെയ്തിട്ടില്ല. ഇത് അപകടത്തിന് കാരണമാകുമെന്ന് ചൂണ്ടിക്കാണി...



കോതമംഗല...

...ക്കപ്പെടുന്നു. ... നിൽ കുരൂർ ... റോഡിൽ ... ക്ഷണ മതി... ഭാഗത്ത് കാർ ... കടമുണ്ടായ ... ട്ടുണ്ട്. കുന്നത്...

## ഇന്നത്തെ പരിപാടി

**കല്ലൂർക്കാട്:** ലൂർദ്മാതാവിന്റെ ഗ്രോട്ടോയിൽ പരിശുദ്ധകന്യകാമറിയത്തിന്റെ തിരുനാൾ വിശുദ്ധകുർബാന വൈകുന്നേരം നാലിന്.
**കോതമംഗലം:** മാതിരപ്പിള്ളി ഇടവക ദേവാലയത്തിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷമായ തിരുനാൾ കുർബാന വൈകുന്നേരം നാലിന്.

# പാലാ രൂപതയിൽ ഇന്ന് ഐക്യദാർഢ്യ...

പാലാ: ഡൽഹിയിലും സമീപപ്രദേശങ്ങളിലും ക്രൈസ്തവ ദേവാലയങ്ങൾക്കു നേരേക്ക് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളിലും ഈ സംഭവങ്ങളിൽ പ്രതിഷേധിച്ച് സമാധാനപരമായി ആരാധന നടത്തിയ വൈദികരും കന്യാസ്ത്രീകളുമടങ്ങിയ വിശ്വാസസമൂഹത്തിനു... രൂപതയ്ക്കുള്ള... ന മുഴുവൻ ... ദ്ധ്യക്ഷൻ ... യങ്ങളിലും ...

Mangalam 8/2/2015

## വിശ്വജ്യോതിയിൽ ഓൺലൈൻ പരീക്ഷ ഇന്ന്

മൂവാറ്റുപുഴ: വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ഇന്ന് ഐ.ഐ.എസ്.ടി. ഓൺലൈൻ എ.എസ്.ടി. ജോയിന്റ് അഡ്മിഷൻ ടെസ്റ്റ് നടത്തും. 400 വിദ്യാർഥികൾ ടെസ്റ്റിൽ പങ്കെടുക്കും. സംസ്ഥാനത്ത് ആകെ രണ്ട് സെന്ററുകളാണ് അനുവദിച്ചിരിക്കുന്നത്.

## താലൂക്ക് ഓഫീസ് മാർച്ച്

കോതമംഗലം: മന്ത്രി കെ.എം. മാണി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് എൽ.ഡി.എഫ് നേതൃത്വത്തിൽ താലൂക്ക് ഓഫീസ് മാർച്ച് നടത്തി. സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റിയംഗം എം.എം. ലോറൻസ് ഉദ്ഘാടനം ചെയ്തു. സി.എസ്. നാരായണൻ നായർ അധ്യക്ഷത വഹിച്ചു. സി.പി.ഐ.(എം) കോതമംഗലം ഏരിയ സെക്രട്ടറി ആർ. അനിൽകുമാർ, സി.പി.ഐ താലൂക്ക് സെക്രട്ടറി എ.ആർ. വിനയൻ, സി.പി.ഐ (എം) കവളങ്ങാട് ഏരിയ സെക്രട്ടറി പി.എൻ. ബാലകൃഷ്ണൻ, എൽ.ഡി.എഫ്. നിയോജക മണ്ഡലം കൺവീനർ പി.എം. പൗലോസ്, എ.കെ. സോമരാജൻ, ടി.പി. രാമകൃഷ്ണൻ, [illegible] സംസാരിച്ചു.

## ബോധി സാംസ്കാരികോത്സവം

Mathrubhumi

10/2/15

# • സർവകലാശാല വാർത്തകൾ •

## എം.ജി.

www.mgu.ac.in

### പരീക്ഷാഫലം

2014 ഫിബ്രവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്.) (റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ് ആൻഡ് (നോൺ സി.എസ്.എസ്.), ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) റഗുലർ/സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫിബ്രവരി 23 വരെ അപേക്ഷിക്കാം.

ഫിബ്രവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. അഗ്രിക്കൾച്ചറൽ സയൻസ് (പി.ജി.സി.എസ്.എസ്.) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫിബ്രവരി 21 വരെ അപേക്ഷിക്കാം.

ഫിബ്രവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇൻഫർമേഷൻ ടെക്നോളജി ഡിഗ്രി (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫിബ്രവരി 23 വരെ അപേക്ഷിക്കാം.

മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ അക്വാകൾച്ചർ ആൻഡ് ഫിഷ് പ്രോസസിങ് ഡിഗ്രി (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫിബ്രവരി 20 വരെ അപേക്ഷിക്കാം.

ഫിബ്രവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ (സി.എസ്.എസ്.) എം.എസ്‌സി. ഫിസിക്സ് (മെറ്റീരിയൽ സയൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഫിബ്രവരി 23 വരെ അപേക്ഷിക്കാം.

### പരീക്ഷാകേന്ദ്രത്തിൽ മാറ്റം

മഹാത്മാഗാന്ധി സർവകലാശാലയിൽ ഫിബ്രവരി 13ന് ആരംഭിക്കുന്ന അവസാനവർഷ ബി.പി.ടി. പുതിയ സ്കീം (2008 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയ്ക്ക് ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് അങ്കമാലി, യു.സി.എം.ഇ. അങ്കമാലി, മെഡിക്കൽ ട്രസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചി, എന്നീ സെന്ററുകളിൽ അപേക്ഷിച്ചിട്ടുള്ള വിദ്യാർഥികൾ യു.സി.എം.ഇ. സേവാ സെന്ററിൽനിന്നു ഹാൾടിക്കറ്റുകൾ വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

### എം.ഫിൽ. എൻട്രൻസ്

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് വകുപ്പിൽ, 2014-2015 അക്കാദമിക് വർഷത്തിൽ എം.ഫിൽ എഡ്യൂക്കേഷൻ പ്രോഗ്രാമിന്, അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾക്കുവേണ്ടിയുള്ള എൻട്രൻസ് പരീക്ഷ ഫിബ്രവരി 18 ബുധനാഴ്ച രാവിലെ 11ന് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽവെച്ച് നടത്തുന്നതാണ്. ഫിബ്രവരി 16 തിങ്കളാഴ്ചയ്ക്കകം ഹാൾടിക്കറ്റ് ലഭിക്കാത്തവർ ഡിപ്പാർട്ട്മെന്റ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ-0481 2731042.

## കേരള

www.keralauniversity.ac.in

### ഡിഗ്രി പരീക്ഷ പുതുക്കിയ തീയതി

ജനവരി 22-ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ് - 2013, 2014 അഡ്മിഷൻ), ഒന്നാം സെമസ്റ്റർ ബി.എ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013, 2014 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്‌സി/ബികോം (സി.ബി.സി.എസ്.എസ് - 2013 അഡ്മിഷന് മുമ്പുള്ളത്) പരീക്ഷകൾ 16ന് നടക്കും. സമയത്തിനും കേന്ദ്രങ്ങൾക്കും മാറ്റമില്ല.

കൂടുതൽ സർവകലാശാലാ വാർത്തകൾക്ക്
www.mathrubhumi.com/universitynews »

# വജ്രജൂബി[ലി]

കോതമംഗലം: ഹൈറേഞ്ചിലെയും മലയോര മേഖലയിലെയും വലിയൊരു വിഭാഗം ജനതയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ അക്ഷരനാളം തെളിച്ച കലാലയമായ മാർ അത്തനേഷ്യസ് കോളേജ് വജ്രജൂബിലി നിറവിൽ.

സംസ്ഥാനത്തെ പ്രഥമ ഓട്ടോണമസ് കാമ്പസ്, പരിസ്ഥിതി സൗഹൃദ കാമ്പസ് എന്നിങ്ങനെ അക്കാദമിക് രംഗത്തും സ്പോർട്സിലൂടെയും മികവിന്റെ കേന്ദ്രമായി എം.എ. കോളേജ് ഉയർന്ന് നിൽക്കുകയാണ്.

1955-ൽ മലമ്പാതയിൽ കാലിത്തൊഴുത്തിൽ പനമ്പുകൊണ്ട് മറിച്ച ഷെഡ്ഡിലാണ് കോളേജ് തുടങ്ങിയത്. 127 വിദ്യാർഥികളും 16 അധ്യാപകരുമായി ഇന്റർ മീഡിയറ്റ് കോഴ്സോടെയാണ് ആരംഭം കുറിച്ചത്.

1966-ൽ ബിരുദാനന്തര ബിരുദവും തുടങ്ങി. ആറ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ വിവിധ ശാസ്ത്ര മാനവിക വിഷയങ്ങളിലായി 13 ബിരുദ കോഴ്സുകളും 16 ബിരുദാനന്തര കോഴ്സുകളിലുമായി 117 അധ്യാപകരും 2000-ത്തിലേറെ വിദ്യാർഥികളും ഇവിടെയുണ്ട്.

ഇംഗ്ലീഷ്, ഇക്കണോമിക്സ്, ഫിസിക്സ്, കെമിസ്ട്രി വിഭാഗങ്ങളിൽ എം.ജി. സർവകലാശാലയുടെ ഗവേഷണ കേന്ദ്രം കൂടിയാണ് കോളേജ്. 2002-ലും 2010-ലും യു.ജി.സിയുടെ 'എ' ഗ്രേഡ് അക്രഡിറ്റേഷൻ ലഭിച്ചു.

കേരളത്തിലെ മൂന്ന് സർവകലാശാല വൈസ് ചാൻസലർമാർ അടങ്ങുന്ന വിദഗ്ധ സമിതി ഇതേ വർഷം കോളേജിനെ സംസ്ഥാനത്തെ മികച്ച പത്ത് കോളേജുകളിലൊന്നായി തിരഞ്ഞെടുത്തിരുന്നു. 2010-ൽ കോളേ...

## എം.ജി. വിദ്യാർഥികൾക്ക് ഓൺലൈൻ ലൈബ്രറി സംവിധാനം

കോട്ടയം: മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള പി.ജി., ഗവേഷണവിദ്യാർഥികൾക്കും അധ്യാപകർക്കും ഓൺലൈൻ ഗവേഷണപഠന പ്രസിദ്ധീകരണങ്ങൾ എത്തിക്കാനുള്ള സംരംഭത്തിന് തുടക്കമായതായി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു.

ഒന്നാംഘട്ടത്തിൽ സർവകലാശാലയുടെ കീഴിലുള്ള പാലാ, പത്തനംതിട്ട, തൊടുപുഴ, കോട്ടയം സ്റ്റഡിസെന്ററുകളിൽ പ്രതിവർഷം ഒരുകോടി രൂപ വിലവരുന്ന 2500 ഇ-ബുക്കും 8000 ഓൺലൈൻ ജേർണലുമാണ് വിദ്യാർഥികൾക്ക് ലഭ്യമാക്കുക.

സർവകലാശാലയുടെ ഇൻഫർമേഷൻ സെന്ററുകളിൽ രണ്ടാംഘട്ടത്തിൽ ഇവ ലഭ്യമാക്കും.

എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേക്കും ഈ സൗകര്യം വ്യാപിപ്പിക്കും.

State Council of Educational Research and Training (SCERT)
Vidyabhavan, Poojappura, Thiruvananthapuram - 695012
Phone: 0471 - 2341883, 2340323
E-mail: scertkerala@asianetindia.com

ഉത്തരവ് നം. 5/2411/2014/എസ്.സി.ഇ.ആർ.ടി. തീയതി 09.02.15

കാറ്റേഷൻ നോട്ടീസ്

26.01.15 ലെ ഇതേ നമ്പറിലുള്ളതും എസ്.സി.ഇ.ആർ.ടി. ...

KERALA FEEDS LTD.
(A Govt. of Kerala undertaking)
KALLETTUMKARA P.O, THRISSUR - 680 683
Phone: 0480-2720179, 2720192.
Fax: 0480-2720194
E-mail: kflinfo@keralafeeds.com
Website: www.keralafeeds.com

വിശേഷം

# ...വം പുഴയോരത്ത് വീണ്ടും ഖനനം: ...ഞ്ച് വാഹനങ്ങൾ പിടിച്ചെടുത്തു

...യായിരുന്നു. പുഴയുടെ തീരത്തു നിന്നു മീറ്ററുകൾ ഉള്ളിൽ ... നിർമാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നത് നിരോധിച്ചിരിക്കുന്നതാണ്.

ഇതെല്ലാം കാറ്റിൽ പറത്തിയാണ് പുഴയോട് ചേർന്നു തന്നെ കുഴിച്ച് ... മണ്ണ് ... ഈ മണ്ണ് ... ഇഷ്ടിക നിർമാണശാലകളിലേക്കാണ് കൊണ്ടുപോകുന്നത്. കളമ്പൂർ ഭാഗത്തു നിന്ന് ... ആഴ്ചകൾക്ക് മുമ്പ് ... സ്ക്വാഡ് സംഘം എസ്പിയുടെ ... ടിപ്പർ ലോറികളും ഒരു ജെസിബിയും പിടികൂടിയിരുന്നു. ഇതിനു ശേഷവും വീണ്ടും കളമ്പൂരിലെ പാടശേഖരത്തിൽ പ്രവർത്തിച്ചിരുന്ന അനധികൃത മണ്ണ് ഖനന കേന്ദ്രത്തിൽ നിന്നു രണ്ട് ജെസിബികളും ആറ് ടിപ്പർ ലോറികളും പിടിച്ചെടുത്തു. ഇതിനെയെല്ലാം ... മണ്ണ് മാഫിയ സംഘം ... പ്രവർത്തിക്കുന്നത് ... രഹസ്യ വിവരത്തെ തുടർന്നായിരുന്നു ഇന്നു പുലർച്ചെ വീണ്ടും റെയ്ഡ് നടത്തിയത്. ചില രാഷ്ട്രീയ പാർട്ടികളുടെ പ്രാദേശിക നേതാക്കളുടെയും, ഉദ്യോഗസ്ഥരുടെയുമെല്ലാം പിന്തുണയോടെയാണ് പിറവം മേഖലയിൽ മണ്ണ് മാഫിയ സംഘം വാഴുന്നതെന്ന് പറയപ്പെടുന്നു. നെൽവയൽ ... സംരക്ഷണ നിയമങ്ങൾ അവഗണിച്ചുകൊണ്ടുള്ള അനധികൃത മണ്ണ് ഖനനം തടയുന്നതിന് ഉത്തരവാദിത്വപ്പെട്ട റവന്യു വകുപ്പ് അധികൃതർ തയാറാകുന്നില്ലെന്നും ആരോപണം ഉയർന്നിട്ടുണ്ട്.

പിറവം, കളമ്പൂർ, മുളക്കുളം, ... പ്രദേശങ്ങളിൽ നിരവധി ഇടങ്ങളിൽ പുഴയുടെ തീരവും, പാടശേഖരവും കുഴിച്ച് മണ്ണെടുപ്പ് നടക്കുന്നുണ്ട്. ഇതിനു പുറമെ മലകൾ ഇടിച്ചു നിരത്തിയും മണ്ണ് കടത്തുന്നുണ്ട്. കളമ്പൂർ, മുളക്കുളം പാടശേഖരങ്ങളിൽ ... ഇഷ്ടികകളെ ... പ്രവർത്തിക്കുന്നത്. ഇവിടേക്കാണ് ... മണ്ണ് കടത്തുന്നത്.

## അനധികൃത ഖനനം: നടപടി ശക്തമാക്കും

മൂവാറ്റുപുഴ: റവന്യു ഡിവിഷൻ പരിധിയിലെ പ്രദേശങ്ങളിൽ ... മണ്ണ് ഖനനം, നിലം നികത്തൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ... തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജൂണിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ചതായി റവന്യു ഡിവിഷണൽ ഓഫീസർ അറിയിച്ചു. ഫോൺ: 281400.

## വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ത്രിദിന ശില്പശാല ഇന്നാരംഭിക്കും

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ സ്ട്രക്ചറൽ ... എന്ന വിഷയത്തിൽ ഇന്നു മുതൽ ത്രിദിന ശില്പശാല ... വിദ്യാർഥികൾക്കും വേണ്ടി ... ഫോർ റിസർച്ച് ... ആരംഭിക്കും. അധ്യാപകർക്കും ഗവേഷണ വിദ്യാർഥികൾക്കും ... ശില്പശാല കൊച്ചി സർവകലാശാല സ്കൂൾ ഓഫ് ... ഡയറക്ടർ ഡോ. എം. ... ഉദ്ഘാടനം ചെയ്യും. ... സ്റ്റഡീസ് ... ടെക്നോളജിയിലെ അസോസിയേറ്റ് ... ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സ്ട്രക്ചറൽ ... പ്രഫ. ഡോ. ബിജു അഗസ്റ്റിൻ, നിർമല കോളജിലെ ... ഡോ. ടി.എ. ജോർജ് ... വിശ്വജ്യോതി എൻജിനീയറിംഗ് കോളജിലെ അസിസ്റ്റന്റ് പ്രഫ. കെ. ... എന്നിവർ ക്ലാസ് നയിക്കും. ഫോൺ: 9961188229.



...ൽ ഹൈസ്കൂളിൽ ആരംഭിച്ച വടംവലി യാർഡിന്റെ ഉദ്ഘാടനം ജോസഫ് വാ...ഴി നിർവഹിക്കുന്നു. മുഹമ്മദ് റഫീക്ക്, ഷെപ്പ് വർഗീസ് കൊച്ചുകുട്ടി, ജോൺ ...ഫ്രാൻസിസ് ജോസഫ്, ജോസ് കാരക്കുന്നേൽ, ജോർജുകുട്ടി പാമ്പയ്ക്കൽ എ...

## പീഡനശ്രമം: രണ്ടു യുവാക്കൾ അറസ്റ്റിൽ

കോതമംഗലം: പത്താം ക്ലാസ് ... പ്രണയം നടിച്ച് ... പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ രണ്ടു യുവാക്കൾ അറസ്റ്റിൽ. നെല്ലിക്കുഴി ... ശാമോൻ (19), ... ഷാഫി (19) എന്നിവരെ ... ലായത്. ... കേസിനാസ്പദമായ സംഭവം. ... കാറിൽ പെൺകുട്ടിയുമായി ... പുത്തിലായിരുന്നു ...

# ...ദ്ധ പാത്രിയർക്കീസ് ബാവ ഇന്നു വിവിധ ...ദവാലയങ്ങളിൽ സന്ദർശനം നടത്തും

...ശാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ...ലെ അതിപുരാതന ദേവാലയമായ പിറവം വലിയ ...ിലെ എഴിന് സ്വീകരണം നൽകും. തുടർന്ന് 7.30ന് ... കുർബാനയ്ക്ക് പാത്രിയർക്കീസ് ബാവ മുഖ്യ ... ചടങ്ങിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവയെയും മെത്രാപ്പോലീത്തമാരെയും ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ സ്വീകരിക്കും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിൽ പാത്രിയർക്കീസ് ബാവ അനുഗ്രഹ പ്രഭാഷണം നടത്തും. ശ്രേഷ്ഠ കാതോലിക്ക ബാവ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ... മന്ത്രി അനൂപ് ജേക്കബ്, വി.പി. സജീന്ദ്രൻ എംഎൽഎ തുടങ്ങിയവർ പങ്കെടുക്കും. ഭദ്രാസനത്തിന്റെയും വിവിധ മതസംഘടനകളുടെയും ... ബാവ എത്തുന്നതിന് മുന്നോടിയായി ...

Deepika
12/2/15

ത്രി, ധനമന്ത്രി
രുമായി പലവ
ിട്ടും നടപടിയു
ാലാണ് പണി
ച്ച് സമരം ആരം
ക്കാർ ഭാഗത്തു
ല തീരുമാനം ഉ
ാർച്ച് 1 മുതൽ
പണികളും നിർ
ആൾ കേരള ഗ
ടേഴ്സ് അസോ
റ്റുപുഴ ജില്ലാ
പി.പി. ഔസേ
ർജ് എന്നിവർ

മൂവാറ്റുപുഴ പള്ളിച്ചിറങ്ങര സ്വദേശിയായ പാറ്റാനിമല കൊച്ചുവീട്ടിൽ പുത്തൻപുരയിൽ മണിയുടെ മകനായ രാജേഷാണ് മ്യാൻമറിൽ നിന്നുള്ള മിയാറ്റ് സു ലെയുടെ കഴുത്തിൽ താലി ചാർത്തിയത്.

ഇന്നലെ രാവിലെ 9.30 ന് വെള്ളൂർക്കുന്നം മഹാദേവ ക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ വരന്റെ ഭാഗത്തു നിന്നുള്ള ഇരുന്നൂറോളം പേർ പങ്കെടുത്തു.

ഇരുവരുടെയും സുഹൃത്തുക്കളായി ദുബായിയിൽ നിന്നും നാലുപേരും എത്തിയിരുന്നു.

ദുബായിലെ വ്യത്യസ്ത ഹോട്ടലുകളിലെ ജീവനക്കാരാണ് ഇരുവരും. മൂന്നര വർഷം ... മായിരുന്നു വിവാഹ ചടങ്ങുകൾ.

ബുദ്ധമത വിശ്വാസിയായിരുന്നു വധുവായ മിയാറ്റ് സു ലേ. വധുവിന്റെ കുടുംബത്തിന്റെ കൂടി സമ്മതത്തോടെയായിരുന്നു വിവാഹമെങ്കിലും ഇവർക്ക് ചടങ്ങിൽ എത്താൻ കഴിഞ്ഞില്ല. വരുന്ന 25 ന് ദുബായിലേക്ക് മടങ്ങുന്ന ദമ്പതികൾ മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങുന്നതിനായി ഉടൻ തന്നെ മ്യാൻമറിലേക്കു പോകും.


■ ഇന്നലെ വിവാഹിതരായ മൂവാറ്റുപുഴ സ്വദേശി രാജേഷും മ്യാൻമറിൽ നിന്നുള്ള മിയാറ്റ് സു ലേയും.

# മാർ അത്തനേഷ്യസ് കോളജ് വജ്രജൂബിലി: പാത്രിയർക്കിസ് ബാവ ഉദ്ഘാടനം ചെയ്യും

കോതമംഗലം : മാർ അത്തനേഷ്യസ് കോളജ് വജ്രജൂബിലി 16 ന് രാവിലെ 11 ന് പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കിസ് ബാവ ഉദ്ഘാടനം ചെയ്യുമെന്ന് മാർ അത്തനേഷ്യസ് കോളജ് അസോസിയേഷൻ സെക്രട്ടറി ഡോ.വിന്നി വർഗീസ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ എ.ജി.ജോർജ്, കെ.കെ.ദാനി എന്നിവർ അറിയിച്ചു.

കോളജിലെത്തുന്ന പരിശുദ്ധ പാത്രിയർക്കിസ് ബാവ എം.എ കോളജ്,എം.എ ഇന്റർനാഷണൽ സ്കൂൾ,എം.എ എൻജിനിയറിംഗ് കോളജ് എന്നിവിടങ്ങളിലെ ശ്ലൈഹിക ആശീർവാദത്തിനുശേഷമായിരിക്കും സമ്മേളന സ്ഥലമായ പ്രഫ.എം.പി വർഗീസ് നഗറിലെത്തുക.

ഒരു വർഷം നീളുന്ന ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്ന ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അധ്യക്ഷത വഹിക്കും. ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ അനുഗ്രഹ പ്രഭാഷണം നടത്തും.

എം.എ കോളജ് അസോസിയേഷൻ ചെയർമാൻ മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്ത, സെക്രട്ടറി ഡോ.വിന്നി വർഗീസ്,അഡ്വ.ജോയ്സ് ജോർജ് എം.പി,എം.എൽ.എമാരായ ടി.യു.കുരുവിള,സാജു പോൾ,എം.ജി.സർവകലാശാല വൈസ് ചാൻസിലർ ഡോ.ബാബു സെബാസ്റ്റ്യൻ,മുനിസിപ്പൽ ചെയർമാൻ കെ.പി.ബാബു,കോളജ് പ്രിൻസിപ്പൽ ഡോ.ലീനാ ജോർജ് എന്നിവർ പ്രസംഗിക്കും.

ആഘോഷപരിപാടികളുടെ ഭാഗമായി അഖിലേന്ത്യ ശാസ്ത്ര സാങ്കേതിക പ്രദർശനം,സെമിനാറുകൾ,സാംസ്കാരികപരിപാടികൾ എന്നിവ നടത്തും.

ം ഇന്ന്

ുവൂർ എസ്.
.എസ്.എഫ്
ുക്തമായി ന
ാങ്ങ് ഹൽഖ
സ്മരണത്തി
മുഹിയദ്ദീൻ
ഇന്ന് വൈ
സ്റ്റാടി സിറ്റി
ല്ലിദ് സീതി
ർമുഖൈമി
ങ്ങൾ, ഹാ
ി അൽ അ
നേതൃത്വം

# ...നതിരേ കൗൺസിലർ: ...സം ഇഷ്ടക്കാർക്ക്

...കാര്യം ചെയ്യുന്നതിന് ദേശ...ാകിൽ സെക്രട്ടറിയുടെ പേ...അക്കൗണ്ട് സൂക്ഷിക്കേണ്ട...ൽ അക്കൗണ്ട് ഇല്ലെന്ന് മ...നുശാസിക്കുന്നുണ്ട്. എന്നാൽ ഈ മാനദണ്ഡങ്ങൾ കാറ്റിൽ പറത്തുകയാണെന്നാണ് ആക്ഷേപം ഉയരുന്നത്. നഗരസഭാ ചട്ടം 1(3) പ്രകാരം നഗരസഭ കൗൺസിൽ വിതരണം ചെയ്യുന്നതെന്നാണ് ആക്ഷേപം. അപേക്ഷകളുടെ സബ്കമ്മിറ്റി അന്വേഷണം നടത്തുകയും മറ്റ് ഏജൻസികളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടാൽ മാത്രമേ അപേക്ഷകൻ ധനസഹായത്തിന് അർഹനാകുകയുള്ളൂ. ദുരിതാശ്വാസ നിധി സംബന്ധിച്ച് വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്. അപേക്ഷയെ പറ്റിയുള്ള വിവരവും അനുവദിക്കപ്പെട്ട ധനസഹായവും എല്ലാം രേഖപ്പെടുത്തുവാൻ രജിസ്റ്ററും മിനിറ്റ്സും ആവശ്യമാണ്. എന്നാൽ ഇതൊന്നും നഗരസഭയിൽ സൂക്ഷിക്കുന്നില്ല എന്നാണ് ഷുക്കൂർ ആരോപിക്കുന്നത്. ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ നടക്കുന്ന തട്ടിപ്പുകൾ അന്വേഷിക്കണമെന്ന് ഷുക്കൂർ ആവശ്യപ്പെട്ടു.

...സ നിധിയിലേക്ക് നൽ...കളിലേക്ക് സെക്രട്ടറി ...കണമെന്നും നിയമം അ... തീരുമാനിക്കുന്ന വ്യക്തിക്ക് ധനസഹായം നൽകാം. എന്നാൽ ചെയർമാൻ അപേക്ഷ പോലും വാങ്ങാതെയാണ് ഇത്

## ...പണം അടിസ്ഥാന രഹിതം: ചെയർമാൻ

[illegible]

## ഗ്യാസ് ക്രിമറ്റോറിയം അടച്ചിടുന്നു

മൂവാറ്റുപുഴ: നഗരസഭവക ഗ്യാസ് ക്രിമറ്റോറിയം അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്നു മുതൽ 17 വരെ പ്രവർത്തിക്കുന്നതല്ല.പമ്പ് ഹൗസിലേക്കുള്ള ട്രാൻസ്ഫോർമറിലെ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നാളെ മൂവാറ്റുപുഴ മുനിസിപ്പൽ പരിധിയിലും മാറാടി പഞ്ചായത്ത് പരിധിയിലും ശുദ്ധജല വിതരണം ഉണ്ടായിരിക്കുന്നതല്ല.

## വിശ്വജ്യോതിയിൽ ശില്പശാല

മൂവാറ്റുപുഴ: വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ സ്റ്റാറ്റിസ്റ്റിക്സ് ഫോർ റിസർച്ച് എന്ന വിഷയത്തിൽ ഇന്നു മുതൽ ത്രിദിന വർക്ക്ഷോപ്പ് നടത്തും. അധ്യാപകർക്കും ഗവേഷണ വിദ്യാർഥികൾക്കും വേണ്ടി നടത്തുന്ന വർക്ക്ഷോപ്പ് ഡോ. എം. ദാസ് ഉദ്ഘാടനം ചെയ്ത് പ്രഭാഷണം നടത്തും. ഡോ. ബിജു അഗസ്റ്റിൻ, ഡോ. ടി.എം. ജേക്കബ്, കെ. ഷൺമുഖേശൻ എന്നിവർ ക്ലാസുകൾ നയിക്കും.

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചെന്ന് പരാതി; രണ്ടു കൗമാരക്കാർ അറസ്റ്റിൽ

Mangalam
12/2/15


Deepika 21/2/15

ശിന്റെ വഴി
ഭിച്ചു

ഈസ്റ്റ് പീറ്റേഴ്സ് ...പാൾസ് ഫൊറോനാപ ...വലിയനോമ്പിനോടനു ... ഇലഞ്ഞി കുരിശുമല ... കുരിശിന്റെ വഴി ആരം ...ളിയറ് ചകളിൽ രാവിലെ ...45-ന് പള്ളി പരിസരത്തു ...ആരംഭിക്കുന്ന കുരിശിന്റെ ...മുകളിലെത്തുമ്പോൾ ...കുർബാനയും പ്രസംഗവും ...ൻ സ്നേഹ വിരുന്നും ...വ്യാഴാഴ്ചകളിൽ രാവിലെ ...30-ന് പൊതു ആരാധ ...ജപമാലയും നടക്കും.

# വിശ്വജ്യോതി എൻജിനീയറിംഗ് കോളജിലെ 'ജ്ഞാനോദയ്' ശ്രദ്ധേയമായി

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് മെക്കാനിക്കൽ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ടെക്നിക്കൽ സ്കൂൾ വിദ്യാർഥികൾക്ക് നൂതന സാങ്കേതിക പരിജ്ഞാനം നൽകുന്നതിനായി സംഘടിപ്പിച്ച ജ്ഞാനോദയ് -2015 ശ്രദ്ധേയമായി. കോളജ് ഡയറക്ടർ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ അധ്യക്ഷത വഹിച്ചു. മെക്കാനിക്കൽ വിഭാഗം മേധാവി പ്രഫ.കെ.വിനോജ് പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ.എം. പ്രമോദ്, മെക്കാനിക്കൽ അസോസിയേഷൻ സെക്രട്ടറി എസ്.അരവിന്ദ് എന്നിവർ പ്രസംഗിച്ചു. ആയവന,വാരപ്പെട്ടി ടെക്നിക്കൽ സ്കൂളുകളിലെ ഒമ്പതാം ക്ലാസ് വിദ്യാർഥികൾക്ക് രണ്ടു ദിവസത്തെ ഓട്ടോകാഡ് വർക്ക്ഷോപ്പും, വിവിധ എൻജിനീയറിംഗ് ലബോറട്ടറി സന്ദർശനവും ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. ആയവന ടെക്നിക്കൽ സ്കൂൾ അധ്യാപകരായ കെ.പി മുരളി,വിനീത്കുമാർ, വാരപ്പെട്ടി ടെക്നിക്കൽ സ്കൂൾ അധ്യാപകരായ വി.പി. ഷൈജ്, പി. ... എന്നിവർ നേതൃത്വം നൽകി.




വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ നടന്ന ജ്ഞാനോദയ് കോളജ് ഡയറക്ടർ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ, പ്രഫ. കെ. വിനോജ് എന്നിവർ സമീപം.

## ...ാത്ത ... ബസിനു ...ണം നല്കി

...ി-പെരുമ്പാവൂർ റൂട്ടിൽ ... ബസിന് കടയിരുപ്പ് ഗ... വിദ്യാർഥികളും അ... ഒരു ദിവസം പോലും ...യും വർഷങ്ങളായി ഈ ...താണ് ബസിനും ജീവ... ബസിൽ പൂമാല അ... ...കിയുമാണ് വിദ്യാർഥി... ൽ ഇ.വി. ശാർങ്ഗധരൻ, ...യാച്ചൻ, എ.ആർ. അജു, ...പത്മജാക്ഷൻ എന്നിവർ

## ...ിലേക്ക് ...വത്തിൽ ...സ് നൽകി

...അനാരോഗ്യത്തിൽ താമസി... ...നഗരസഭ നോട്ടീസ് നൽകി. ...സിക്കുന്ന അന്യസംസ്ഥാന... ...അടക്കമുള്ള മാലിന്യങ്ങൾ ...നഗരസഭ നോട്ടീസ് നൽകി ...ങ്ങളിലുമായി നൂറുകണക്കിന് ...സിക്കുന്നത്. ചെറിയ ഷെഡ്ഡിട്ട് ...ാർക്കുന്നത്. പ്രാഥമിക കാര്യ... ...ത്തെയാണ് പല കെട്ടിട ഉട... ...ഇതുമൂലം മാലിന്യങ്ങളെല്ലാം ...ഇതേ തുടർന്നാണ് വൃത്തി... ...ഴുവൻ തൊഴിലാളികൾക്കും ...ഴുന്നതാണ് ആരോഗ്യ സംവിധാ... ...ത്തു. പരിസരം വൃത്തിയായി ...ത്യേം നടപടിയെടുക്കാനാണ്



ചാവറ ഇന്റർനാഷണൽ അക്കാദമിക്ക് ഊർജ സംരക്ഷണത്തിന് ലഭിച്ച പുരസ്കാരം പ്രിൻസിപ്പൽ ഫാ. റിനോജ് വട്ടക്കാനായിൽ ഹെബിൻ ജോർജിൽനിന്ന് ഏറ്റുവാങ്ങുന്നു. വിദ്യാർഥി പ്രതിനിധികളായ ആഷ്‌ലി എൽദോ, ജോസഫ് മാത്യു, വണ്ടർലാ പ്രതിനിധി ജോഹിൻ ജോയി എന്നിവർ സമീപം.

# ചാവറ ഇന്റർനാഷണൽ അക്കാദമിക്ക് ഊർജ സംരക്ഷണ അവാർഡ്

വാഴക്കുളം: ഊർജ സംരക്ഷണത്തിനുള്ള പ്രത്യേക അവാർഡ് ചാവറ ഇന്റർനാഷണൽ അക്കാദമിക്ക്. ഊർജ സംരക്ഷണം സംബന്ധിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിന് ലക്ഷ്യമിട്ടുള്ള പുരസ്കാരമാണ് സ്കൂളിന് ലഭിച്ചത്. സംസ്ഥാനതലത്തിൽ നടത്തിയ മത്സരത്തിൽ 250 സ്കൂളുകളാണ് പങ്കെടുത്തത്. കഴിഞ്ഞ വർഷം സ്കൂളിൽ നടത്തിയ ഊർജ സംരക്ഷണ പ്രവർത്തനങ്ങളുടെ മികവിനെ അടിസ്ഥാനമാക്കിയാണ് അവാർഡ് നിശ്ചയിച്ചത്. സോളാർ സംവിധാനത്തിൽനിന്ന് വൈദ്യുതി ഉത്പാദനവും വിതരണവും ഇന്ത്യ ...ുള്ള ... ത്തോട്ടം, പച്ചക്കറിത്തോട്ടം, ഊർജ സംബന്ധമായ മത്സരങ്ങൾ തുടങ്ങിയവയിലെ മികവു പരിഗണിച്ചാണ് വണ്ടർലാ ഹോളിഡേ ഏർപ്പെടുത്തിയ എൻവയോൺമെന്റ് എനർജി കൺസർവേഷൻ അവാർഡ് ചാവറ ഇന്റർനാഷണൽ അക്കാദമിക്ക് ലഭിച്ചത്. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഫാ. റിനോജ് വട്ടക്കാനായിൽ പുരസ്കാരം ഏറ്റുവാങ്ങി. സ്കൂൾ മാനേജർ ഫാ. ജോർജ് തടത്തിൽ അധ്യക്ഷത വഹിച്ചു. വണ്ടർലാ പ്രതിനിധികളായ ഹെബിൻ ജോർജ്, ജോഹിൻ ജോയി എന്നിവരും ഫാ. ഡലൂസ് ചെറുപറമ്പിൽ, വിദ്യാർഥി പ്രതിനിധികളായ ജോസഫ് മാത്യു, ആഷ്‌ലി എൽദോ എന്നിവർ പ്രസംഗിച്ചു.

## വ്യാപാര ലൈസൻസ് ഫീസ്

കോതമംഗലം: നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2015 -16 വർഷത്തെ വ്യാപാര ലൈസൻസ് ഫീസ് പിഴ കൂടാതെ 28നകം നഗരസഭയിൽ അടയ്ക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

## ബോധവത്ക്കരണ ക്ലാസ് നടത്തി

മുളവൂർ: ഇലാഹിയ എൻജിനീയറിംഗ് കോളജിലെ എൻ എസ് എസ് യൂണിറ്റും താലൂക്ക് ഹോമിയോ ആശുപത്രിയും സംയുക്തമായി ചിക്കൻപോക്സ് പ്രതിരോധ നടപടി എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ് നടത്തി. ആശുപത്രി സൂപ്രണ്ട് ഡോ. രാമചന്ദ്രൻ നായർ നേതൃത്വം നൽകി. കോളജ് പ്രിൻസിപ്പൽ ഡോ. ബാബു കുര്യൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. കോളജ് ചെയർമാൻ സി.പി. മുഹമ്മദ്, കെ.എ. മുജീബ്, പി.എം. വിഷ്ണു, അഫ്സൽ നസീർ തുടങ്ങിയവർ പ്രസംഗിച്ചു.

## വിശ്വകർമ കുടുംബയോഗം

മൂവാറ്റുപുഴ:വിശ്വകർമ സർവീസ് സൊസൈറ്റി 668 -ാം നമ്പർ ആരക്കുഴ ശാഖയുടെ ലീഡർഷിപ്പ് ട്രെയിനിംഗ് ക്ലാസും കുടുംബയോഗവും നാളെ നടക്കും.രാവിലെ 10ന് രാജു കല്ലിങ്കൽകുടിയിലിന്റെ വസതിയിലാണ് യോഗം. ശാഖാ പ്രസിഡന്റ് ബി.ആർ.പ്രദീപ് അധ്യക്ഷത വഹിക്കും. ജില്ലാ കമ്മിറ്റിയംഗം കെ.കെ.അയ്യപ്പൻ ... ഉദ്ഘാടനം ചെയ്യും.കെ.ആർ.സോമരാജൻ ക്ലാസ് നയിക്കും. ... വി.എൻ.പുഷ്പൻ,പ്രദീപ്കുമാർ, അരുൺ ... എന്നിവർ പ്രസംഗിക്കും.

## ഫർണിച്ചർ നൽകി

മുളന്തുരുത്തി: മുളന്തുരുത്തി ഗവൺമെന്റ് ... സ്കൂളിലേക്ക് ... ... ഫർണിച്ചറുകൾ വിതരണം ചെയ്തു.

## ...് ഉദ്ഘാടനം

...ഞ്ച് യൂണിയൻ കാലടി, സം... ...ലർ ഡോ.എം.സി. ദിലീപ് കു... ...ചെയർമാൻ സാമുവൽ സി.എ... ...ചന്ദ്രൻ നായർ, ട്രസ്റ്റ് ചെയർ... ...ാൾ തോമസ്, പ്രഫ. ജയപ... ...ദീപ പിള്ള, ഡോ. കെ.വി. ...സംഗിച്ചു.

## ...നം നടത്തി

...ഹെൽത്ത് സെന്ററിലെ പുതി... ...വി.പി. സജീന്ദ്രൻ എംഎൽഎ ...ിഡന്റ് സി.കെ. അയ്യപ്പൻകു... ...ന്റ് രമ സന്തോഷ്, ലിസി അ... ...ഇ.എം.നവാസ്, കെ.ഒ. ... പ്രസംഗിച്ചു. ... വഹിച്ചു ...

# അമൽ ഡൈസൻ ഇൻ

എ.എസ്. ജിബിന

ഇരുപത് വയസ്സിനിടെ നൂറിലധികം വെബ്സൈറ്റുകൾ, ഇ-ലോകത്ത് രാജ്യാതിർത്തികൾ കടന്നു പോയ പ്രശസ്തി. യുവത്വം ഓൺ ലൈനിൽ നേരം പോക്കാക്കി മാറ്റുമ്പോൾ മൂവാറ്റുപുഴ വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥി അമൽ മുരളി അവിടെ സ്വയം അടയാളപ്പെടുത്തുകയാണ്. വെബ്സൈറ്റ് നിർമാണ സ്പെഷ്യലിസ്റ്റ്... വെബ് എഴുത്തുകാരൻ... സാങ്കേതിക വിദഗ്ധൻ... വിശേഷണങ്ങളേറെയാണ് ഈ എൻജിനീയറിംഗ് വിദ്യാർത്ഥിക്ക്. ഇന്ത്യക്കകത്തും പുറത്തും നിരവധി അന്വേഷണങ്ങൾ അമലിനെ തേടിയെത്തുന്നുണ്ട്. വെബ്സൈറ്റ് നിർമാണത്തിനും സാങ്കേതിക രംഗത്തെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും എല്ലാം വിദേശികൾ ഉൾപ്പെടെ അമലിനെ ആശ്രയിക്കുന്നു. വെബ്സൈറ്റിന്റെ ലക്ഷ്യമെന്തെന്ന് പറഞ്ഞ് കൊടുക്കുകയേ വേണ്ടൂ. അമലത് മനോഹരമായി തയ്യാറാക്കും. ബിസിനസ്സ് ആവശ്യങ്ങൾക്കുള്ള വെബ്സൈറ്റുകളാണ് അധികവും തയാറാക്കിയിട്ടുള്ളത്. പത്താം ക്ലാസിൽ പഠിക്കുമ്പോൾ കമ്പ്യൂട്ടറിനോട് തോന്നിയ താല്പര്യമാണ് അമലിനെ വെബ് ഡിസൈനിംഗ് രംഗത്തേക്കെത്തിച്ചത്. സാങ്കേതിക വിദ്യയുടെ പുത്തൻ പ്രവണതകളോട് പ്രത്യേക ആഭിമുഖ്യമായിരുന്നു. പുതിയ കാര്യങ്ങൾ അറിയുന്നതും ഉൾക്കൊള്ളുന്നതും അതെല്ലാം പ്രയോഗിക്കുന്നതും അമലിന് ഹരമാണ്. ഇതിനായി ഇന്റർനെറ്റിൽ വരുന്ന സാങ്കേതിക വിഷയങ്ങളെക്കുറിച്ചുള്ള എഴുത്തുകുത്തുകൾ കുത്തിയിരുന്ന് വായിച്ചു. ബ്ലോഗ് നിർമാണത്തിലായിരുന്നു ആദ്യം കമ്പം. ഇത് ബ്ലോഗെഴുത്തിലേക്കും അമലിനെ എത്തിച്ചു. ഒരേ സമയം നിരവധി ബ്ലോഗുകളുണ്ടാക്കി മാറി മാറിയെഴുതി. എഴുതുന്നതെല്ലാം ഇഷ്ട വിഷയമായ സാങ്കേതികവിദ്യകളെ കുറിച്ചായിരുന്നു.

ബ്ലോഗിനോടുള്ള താല്പര്യം കുറഞ്ഞപ്പോൾ വെബ്സൈറ്റ് നിർമാണത്തിലായി ശ്രദ്ധ. ഗൂഗിളിൽ നിന്ന് ലഭിച്ച വിവരങ്ങൾക്കനുസൃതമായി വെബ്സൈറ്റ് നിർമാണവും ആരംഭിച്ചു. പിന്നീട് activenerds.com എന്ന വെബ്സൈറ്റ് ഡൊമെയ്ൻ വാങ്ങി. ഇതിൽ പുത്തൻ സാങ്കേതിക അറിവുകൾ പങ്കുവെയ്ക്കാൻ തുടങ്ങി. ഇതിനിടെ ഓൺലൈനിലൂടെ എങ്ങനെ വരുമാനം ഉണ്ടാക്കാമെന്നായി ചിന്ത. ഈ ചിന്തയ്ക്കുള്ള ഉത്തരം അമൽ ആദ്യം അന്വേഷിച്ചത് ഗൂഗിളിൽ തന്നെയാണ്. ഗൂഗിളിന്റെ ഉത്തരങ്ങൾ അമലിനെ തൃപ്തിപ്പെടുത്തിയതേയില്ല. പിന്നീടെഴുതിയ സാങ്കേതിക ലേഖനങ്ങളിൽ പലതും അമലിൽ നിന്ന് പണം കൊടുത്ത് വാങ്ങാൻ ഇ-വായനക്കാർ തയ്യാറായി. അമൽ ആഗ്രഹിച്ച പോലെ ഓൺലൈൻ വരുമാനത്തിന്റെ ആരംഭം അങ്ങനെയായിരുന്നു. ഗൂഗിൾ ആഡ് സെൻസ്, സ്പോൺസേർഡ് ലിങ്ക് എന്നിവയിലൂടെയും ചെറിയ തോതിൽ വരുമാനം നേടാൻ കഴിഞ്ഞു. പ്രോഗ്രാമുകളെ സംബന്ധിച്ച് സംശയങ്ങൾ ചോദിക്കുന്ന സൈറ്റുകളിൽ ഉത്തരം നൽകുന്നത് അമലിന് ഹരമാണ്. ഇത്തരം സൈറ്റുകളിൽ ഓരോ ഉത്തരങ്ങൾക്കും അപ് വോട്ട് ലഭിക്കും. ആ പോയിന്റിലൂടെ സാങ്കേതിക വിദഗ്ധൻ എന്ന നിലയിലുള്ള വ്യക്തിയുടെ ഗ്രേഡ് ഉയരും. ഈ മേഖലയിൽ ഈ ഇരുപത് വയസ്സുകാരൻ 4000 പോയിന്റ് നേടിക്കഴിഞ്ഞു. ലോകകപ്പുമായി ബന്ധപ്പെട്ട വെബ്സൈറ്റ് നിർമാണത്തിലാണ് അമലിപ്പോൾ.

ബിസിനസ്സുകാരനായ പി.ജി മുരളിയുടെയും ബാങ്ക് മാനേജർ ബിന്ദുവിന്റെയും മകനാണ് അമൽ. അതുലാണ് സഹോദരൻ.



അമൽ മുരളി



## ...ഘാടനം

## ...ത്ത പരിപാടി

...ഇന്ദു ദാസ് കുന്നപ്പിള്ളി, വാർഡ് കൗൺസിലർ പി.എൻ. സന്തോഷ്, പ്രതിപക്ഷ നേതാവ് പി.എസ്. സലിംഹാജി, കെഎസ്ആർടിസി ചീഫ് എൻജിനീയർ ആർ. ഇന്ദു, സോണൽ ഓഫീസർ പി. ശശിധരൻ, ഡിടിഒ മാൻ മോഹൻ തുടങ്ങിയവർ പ്രസംഗിച്ചു. ജോസഫ് വാഴയ്ക്കൻ എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ ചെലവഴിച്ചാണ് വർക്ക്ഷോപ്പ് നിർമിക്കുന്നത്.

ഒമ്പതു മാസം കൊണ്ട് നിർമാണം പൂർത്തീകരിക്കാനാണ് തീരുമാനം. 57 മെക്കാനിക്കൽ ജീവനക്കാരാണ് നിലവിലുള്ളത്. മൂവാറ്റുപുഴ ഡിപ്പോയിൽനിന്നും 108 ബസുകളാണ് സർവീസ് നടത്തുന്നത്. ആധുനിക സംവിധാനത്തോടെയാണ് പുതിയ വർക്ക്ഷോപ്പ് നിർമിക്കുന്നത്. ഒരേ സമയം നിരവധി ബസുകളുടെ അറ്റകുറ്റപ്പണി നട...



മൂവാറ്റുപുഴ കെഎസ്ആർടിസി ഡിപ്പോയുടെ നിർദിഷ്ട ഹൈടെക് വർക്ക്ഷോപ്പ് നിർമിക്കുന്ന സ്ഥലം.

...ത്താൻ പറ്റുന്ന സ്ഥലസൗകര്യത്തോടെയാണ് പുതിയ ഹൈടെക് വർക്ക്ഷോപ്പിന്റെ നിർമാണം.

# കുട്ടികളിൽ കായികക്ഷമത കുറയുന്നത് ഗൗരവത്തോടെ കാണണം: ടി.സി. മാത്യു

വാഴക്കുളം: കുട്ടികളിൽ കായികക്ഷമത കുറയുന്നത് ഗൗരവത്തോടെ കാണണമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ടി. സി. മാത്യു. വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ നടക്കുന്ന സ്പോർട്സ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോളജ് മാനേജർ മോൺ. ഫ്രാൻസിസ് ആലപ്പാട്ട് പതാക ഉയർത്തി മത്സരങ്ങൾക്ക് തുടക്കം കുറിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ, മുൻ ഡയറക്ടർ പ്രഫ. ടി.എസ്. ചാക്കോ, യൂണിയൻ ചെയർമാൻ ജോസ് കെ. ജോജൻ, സ്പോർട്സ് സെക്രട്ടറി തുഷാർ ജോസ്, ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ കെ.പി. അവിരാച്ചൻ, സ്പോർട്സ് അഡ്വൈസർ ലിൻസ് പോൾ കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.




വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ നടക്കുന്ന സ്പോർട്സ് മീറ്റ് കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ടി.സി. മാത്യു ഉദ്ഘാടനം ചെയ്യുന്നു. ജോസ് കെ. ജോജൻ, തുഷാർ ജോസ്, പ്രഫ. ടി.എസ്. ചാക്കോ, മോൺ. ഫ്രാൻസിസ് ആലപ്പാട്ട്, ഡോ. ഫ്രാൻസിസ് സി. പീറ്റർ, കെ.പി. അവിരാച്ചൻ എന്നിവർ സമീപം.

## ...ത്ത സിനിമ

## ...തോമസിന് കുട്ടമ്പുഴയിൽ സ്വീകരണം നൽകി

## വാരപ്പെട്ടി പഞ്ചായത്തിൽ കാർഷി... പദ്ധതികൾക്ക് അംഗീകാരം

## കൊടുംവളവുകൾ നിവർത്തണമെന്ന്

22/2/15 - Deepika

22/2/15 - Mangalam

സി. മാത്യു, മുൻസിപ്പൽ കൗൺസിൽ പ്രതിപക്ഷ നേതാവ് കെ.വി. തോമസ് എന്നിവർ പ്രസംഗിച്ചു.

ബസ്‌ഡേയുടെ ഭാഗമായി ചടങ്ങിൽ പങ്കെടുത്തവരും പൊതുജനങ്ങളും കെ.എസ്.ആർ.ടി.സി. ബസിൽ ടൗൺ സ്റ്റാൻഡിൽ നിന്നും കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിലേക്ക് ബസ്‌യാത്ര നടത്തി.

ഞായത്തിൽ നിന്നുള്ള വിവിധ കായിക മത്സരവിജയികളായ പ്രണവ് രാജ്, സുരേഷ്, ബേസിൽ ജോയി, റിയാസ് അലിയാർ, അലി ന തങ്കച്ചൻ എന്നിവരെയും ചടങ്ങിൽ ആദരിച്ചു.

ഏഷ്യൻ മാസ്റ്റേഴ്സ് വിജയിയും ബ്ലോക്ക് പഞ്ചായത്ത് അംഗവുമായ ജോയി കുര്യാക്കോസിനെയും പ്രത്യേകമായി ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കെ.എം.അബ്ദുള്ളക്കുഞ്ഞ് ഉദ്ഘാടനം ചെയ്തു. സി.ജെ. എൽദോസ്, എം.കെ. രാമചന്ദ്രൻ, വി.വി. ജോണി, ടി.പി. രാജൻ, ബിനേഷ് നാരായണൻ, ശാന്താ പൗലോസ്, പി.എൻ. കുഞ്ഞുമോൻ, ഫ്രാൻസിസ് ചാലിൽ, ബിനേഷ് കെ.ജോർജ്, ടി. സി. ജോയി, മേരി കുര്യാക്കോസ്, ലൈസ പീറ്റർ, ഷീല രാജീവ് എന്നിവർ പ്രസംഗിച്ചു.



▪ ദേശീയ ഗെയിംസ് ജേതാവ് അനിൽ... മാതാവിന് കുട്ടമ്പുഴ ...

# കുട്ടികളിലെ കായികക്ഷമത കുറഞ്ഞുവരുന്നത് ഗൗരവമായി കാണണം: ടി.സി. മാത്യു

വാഴക്കുളം: കുട്ടികളിലെ കായികക്ഷമത കുറഞ്ഞുവരുന്നത് കേരള സമൂഹം ഗൗരവത്തോടെ കാണണമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ടി.സി. മാത്യു. വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ നടന്ന സ്പോർട്സ് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കോളജ് മാനേജർ മോൺ. ഫ്രാൻസിസ് ആലപ്പാട്ട് പതാക ഉയർത്തി.

പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ, മുൻ ഡയറക്ടർ പ്രഫ. ടി.എസ്. ചാക്കോ, യൂണിയൻ ചെയർമാൻ ജോസ് കെ. ജോഷൻ, സ്പോർട്സ് സെക്രട്ടറി തുഷാർ ജോസ്, ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ കെ.പി. അലിയാച്ചൻ, സ്പോർട്സ് അഡൈ്വസർ ലിൻസ് പോൾ കുര്യാക്കോസ് എന്നിവർ സംസാരിച്ചു.

# ജമാഅത്ത് യൂത്ത് കൗൺസിൽ സന്ദേശ യാത്രക്ക് ഇന്ന് സ്വീകരണ

മൂവാറ്റുപുഴ: കേരള മഹല്ല് ജമാഅത്ത് യൂത്ത് കൗൺസിൽ സംസ്ഥാന പ്രസിഡന്റ് സാദാത്ത് ഹമീദ്, ജനറൽ സെക്രട്ടറി സിറാജുദ്ദീൻ മൗലവി എന്നിവർ നയിക്കുന്ന യുവസന്ദേശ യാത്ര ഇന്ന് ജില്ലയിൽ പര്യടനം നടത്തും. സമാപനം വൈകിട്ട് 6.30-ന് പായിപ്രകവലയിൽ നടക്കും.

ജോസഫ് വാഴക്കൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. പി.കെ.എ. കരീം ഹാജി ആമുഖപ്രഭാഷണം നടത്തും. നഗരസഭാ ചെയർമാൻ യു.ആർ.ബാബു മുഖ്യപ്രഭാഷണം നടത്തും. സ്വാഗതസംഘം ചെയർമാൻ അസീസ് പാണ്ട്യാരപ്പിള്ളി അധ്യക്ഷത വഹിക്കും.

മുൻ എം.എൽ.എ. മാരായ ജോണി നെല്ലൂർ, ബാബു പോൾ, മുസ്ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി കെ.എം.അബ്ദുൽ മജീദ്, പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.എച്ച്.സിദ്ദിഖ് (പായിപ്ര) എം.എ.അബ്ദുൽകരീം (നെല്ലിക്കുഴി) എം.അബ്ദുല്ലാകുഞ്ഞ്(ക...), കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് അംഗം ടി.എം.അബ്ദുൽ അസീസ് എന്നിവർ സംഗിക്കും.

സ്വാഗതസംഘം ക...നർ കെ.എം.ഷമീർ സ്വാഗതവും ജനറൽ കൺവീനർ എം. ഫൈസൽ നന്ദിയും...

# ബസ് സ്റ്റാൻഡിൽ അത... നിലവാരത്തിൽ കാത്തിര...

പോത്താനിക്കാട്: അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാൻഡിന് ശാപമോക്ഷമാകുന്നു.

വിവിധ ഫണ്ടുകൾ പ്രയോജനപ്പെടുത്തി നൂറു ശതമാനവും യാത്രക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ ബസ് സ്റ്റാൻഡിന്റെ പുനർനിർമാണം നടത്തുവാനാണ് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്.

ഇതിന്റെ പ്രാരംഭ ഘട്ടമെന്നോണം വർഷങ്ങളായി ഉപയോക്താക്കൾക്ക് പ്രയോജനകരമല്ലാതിരുന്ന ബസ് കാത്തിരിപ്പ് കേന്ദ്രത്തിന്റെ പുനർ നിർമാണം ആരംഭിച്ചിരിക്കുകയാണ്.

മഴ, വെയിൽ എന്നിവയിൽ നിന്നും യാത്രക്കാർക്ക് സംരക്ഷണം നൽകത്തക്കവിധത്തിൽ ടൈൽസുകളും ഉൾപ്പെടുത്തി വിരിച്ചിട്ടുള്ള കാത്തിരിപ്പ് കേന്ദ്രം ഉന്നത നിലവാരത്തിൽ ജില്ലയിലെ തന്നെ ശ്രദ്ധിക്കപ്പെടാവുന്ന വിധത്തിൽ മനോഹരമായി പ്രതീക്ഷയിലാണ് ജനങ്ങൾ.

കൂടാതെ മറ്റ് ആധുനി...സ് സ്റ്റാൻഡുകൾ പോലെ...ടങ്ങൾ മോടി പിടിപ്പിച്ച്...ഡിലേക്കുള്ള കയറ്റവും...റ്റം ട്രാഫിക് നിയമങ്ങ...സൃതമായ രീതിയിലാ...രത്തിലാണ് കാത്തിരിപ്പ്...ത്തിന്റെ നിർമാണം പു...ഷമാക്കുന്നത്.

നിലവിൽ ഉപയോ...ല്ലാതിരിക്കുന്ന കംഫർ...ഷനും പോലീസ്...പോസ്റ്റിന്റെയും പ്രാ...പുതിയ കാത്തിരുപ്പ് കേ...

# വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒ.പി. ബ്ലോക്കിന് ശിലയിട്ടു

കോലഞ്ചേരി: വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിർമിക്കുന്ന പുതിയ ഒ.പി ബ്ലോക്കിന്റെ നിർമാണോദ്ഘാടനം വി.പി. സജീന്ദ്രൻ എം.എൽ.എ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. അയ്യപ്പൻകുട്ടി അധ്യക്ഷത വഹിച്ചു.

വടവുകോട്-പുത്തൻകുരിശ് പഞ്ചായത്ത് പ്രസിഡന്റ് രമാ സോമു, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് റിസി അലക്സ്, അംഗങ്ങളായ ടി.കെ. പോൾ, മേരി അവറാച്ചൻ, രാധാമണി വിജയൻ, ഇ.എം. നവാസ്, ടി.എൻ. സാജു, ഷിജി ജോർജ്, തോമസ് കണ്ണടിയിൽ, കെ.വി. മത്തായി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.വി. മത്തായി, അംഗങ്ങളായ ഷിജു വിജയധരൻ, ഷാജി ജോർജ്, മെഡിക്കൽ ഓഫീസർ ഡോ. ആശാ വിജയൻ എന്നിവർ പ്രസംഗിച്ചു.

**സിനിമ ഇന്ന്**

▪ കോലഞ്ചേരി
മണ്ണ വിസ്മൃതി മീലി (3)
▪ കോതമംഗലം
ഷൈൻ: ടി (4)
ആൻ: മറിയംമുക്ക് (4)
ഉദയ: ഏം മസം (4)
മാധു: പിക്കറ്റ് 43 (4)
▪ മൂവാറ്റുപുഴ
ഐസക്സ്: രസം (3), ടി (1)
ലത: മിലി (4)
ഇ...: മറിയംമുക്ക് (4)
വെള്ളൂർക്കുന്നം: പിക്കറ്റ് 43 (4)
▪ പിറവം:
രാജധാനി: ഐ (3)
▪ പെരുമ്പാവൂർ ജ്യോതി: ടെമ്പർ (ഹിന്ദി: 4)
ഇവിഎം സ്ക്രീൻ 1: മറിയംമുക്ക് (4)
ഇവിഎം സ്ക്രീൻ 2: പിക്കറ്റ് 43 (6,9), മറിയംമുക്ക് (11,2)
ആശീർവാദ്: മിലി (4)
▪ പട്ടിമറ്റം
ലെന: ആമേൻ ജാക്സൺ (3)
▪ മുണ്ടക്കയം സിനിമാ
സിനിമ സ്ക്രീൻ 1: മറിയംമുക്ക് (4)
സിനിമ സ്ക്രീൻ 2: ടി (4)



▪ കോതമംഗലം നെല്ലിക്കുഴി ഹിറ്റ്സ്കൂളിൽ നടന്ന ... സമാപന ... ടി.എം.അബ്ദുൽ കരീം, പി.എം.മരാരിത്ത, കെ.എം. അബ്ദുൽ മജീദ്, പി.കെ. മൊയ്തു, കെ.എസ്. സിയാദ്, പി.എം. ...

23/2/15 ദീപിക



# പോലീസിനെ മോഷ്ട

മൂവാറ്റുപുഴ: പോലീസിനെ നോക്കുകുത്തിയാക്കി നഗരത്തിൽ മോഷ്ടാക്കളുടെ വിളയാട്ടം. കഴിഞ്ഞ രണ്ടുമാസത്തിനിടെ 30-ഓളം മോഷണവും നിരവധി മോഷണശ്രമങ്ങളുമാണ് നടന്നത്. ഒരു കേസിൽ പോലും പ്രതികളെ പിടികൂടാനാകാതെ പോലീസ് ഇരുട്ടിൽ തപ്പുകയാണ്. നഗരത്തിലെ നിരവധി വീടുകൾ വ്യാപാരസ്ഥാപനങ്ങൾ ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽനിന്നായി സ്വർണവും പണവും ഉൾപ്പെടെയാണ് കവർച്ച നടത്തിയിരിക്കുന്നത്. വ്യാഴാഴ്ച രാത്രി തൃക്കളത്തൂരിലെ വ്യാപാരസ്ഥാപനങ്ങളിലും വീടുകളിലും മോഷണശ്രമം നടന്നിരുന്നു.

കീപ്പനശേരിൽ ബിനോയിയുടെ വീടിന്റെ ജനലുകളുടെ അഴികൾ തകർത്ത് അകത്തുകടക്കാനുള്ള ശ്രമം വീട്ടുകാർ ഉണർന്ന് ലൈറ്റിട്ടതോടെ വിഫലമാവുകയായിരുന്നു. ശിവൻകുന്ന് മഹാദേവ ക്ഷേത്രത്തിൽ കഴിഞ്ഞ ബുധനാഴ്ച രാത്രി മോഷണം നടന്നിരുന്നു. കുറഞ്ഞ നാളുകൾക്കുള്ളിൽ

## രണ്ടുമ

ക്ഷേത്രത്തിൽ ന... നാലാമത്തെ മോഷണ... പോലീസ് ശക്തമാ... പടികൾ സ്വീകരിക്കാ... മോഷ്ടാക്കൾ വിലസ... ന്നതെന്ന് നാട്ടുകാർ ... ട്ടി. പെട്രോളിംഗ് ശ... മയും റെസിഡന്റ്സ്... സിയേഷനുമായി ബ... വേണ്ട മുൻ കരുതലു... തിക്കുകയും ചെയ്താ... രിധി വരെ മോഷണം ... തിന് സാധിക്കുമെന്... കാർ പറഞ്ഞു.

എത്ര ബലവത്തായ തകർക്കുന്നതിന് പറ്റിയ... വുള്ള ആയുധങ്ങളു... മോഷ്ടാക്കൾ എത്ത...

ഗ്യാസ് കട്ടർ വരെ കൈവശമുണ്ടെന്നാ... ന. നഗരത്തിലും പരി... ശങ്ങളിലും മോഷണ...



വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തനങ്ങൾ ജസ്റ്റിസ് എസ്. സിരിജഗൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ഫ്രാൻസിസ് പീറ്റർ, ജോസ് കെ. ജോജൻ, മോൺ. ഫ്രാൻസിസ് ആലപ്പാട്ട്, സോമി പി. മാത്യു, മിഥുൻ മധുസൂദനൻ എന്നിവർ സമീപം.

# പുതുതലമുറയ്ക്ക് ഗുരുത്വം നഷ്ടമാകുന്നു: ജസ്റ്റീസ് എസ്. സിരിജഗൻ

വാഴക്കുളം: പുതിയ തലമുറയുടെ ഗുരുത്വം നഷ്ടമാകുന്നുവെന്ന് ജസ്റ്റിസ് എസ്. സിരിജഗൻ. വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോളജ് മാനേജർ മോൺ. ഫ്രാൻസിസ് ആലപ്പാട്ട്, പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ, സ്ഥാപക മാനേജർ റവ. തോമസ് മലേക്കുടി, യൂണിയൻ ചെയർമാൻ ജോസ് കെ. ജോജൻ, വൈസ് ചെയർപേഴ്സൺ എസ്. ജയലക്ഷ്മി, ജനറൽ സെക്രട്ടറി മിഥുൻ മധുസൂദനൻ, യൂണിയൻ അഡ്വൈസർ സോമി പി. മാത്യു, സ്മിത ജേക്കബ് എന്നിവർ പ്രസംഗിച്ചു.

## ജലരക്ഷാപദ്ധതി ഉദ്ഘാടനം

കോതമംഗലം: സംസ്ഥാന സർക്കാരിന്റെ മിഷൻ 676ന്റെ ഭാഗമായി ഫയർ ആൻഡ് റെസ്ക്യു വകുപ്പിന്റെ 12 വയസിന് മുകളിലുള്ള സ്കൂൾ കുട്ടികൾക്കായുള്ള നീന്തൽ പരിശീലനം 'ജലരക്ഷാപദ്ധതി' കോതമംഗലം ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ടി.യു. കുരുവിള എംഎൽഎ ഉദ്ഘാടനം ചെയ്തു.

സ്റ്റേഷൻ ഓഫീസർ സി.എ. അലക്സാണ്ടർ അധ്യക്ഷത വഹിച്ചു. ജില്ലാ ഫയർ ഓഫീസർ വി. സിദ്ധകുമാർ മുഖ്യപ്രഭാഷണം നടത്തി. നഗരസഭാ ചെയർമാൻ കെ.പി. ബാബു, കൗൺസിലർ എ.ജി. ജോർജ്, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കെ.ജി. ഗോപിനാഥ്, ഫയർ സർവീസ് അസോസിയേഷൻ മേഖലാ പ്രസിഡന്റ് എം.സി. ബേബി എന്നിവർ പ്രസംഗിച്ചു.

മാതിരപ്പിള്ളി, അയ്യങ്കാവ് ഗവൺമെന്റ് സ്കൂളുകളിലെ 24 കുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്.

ചേലാട് നെടുമ്പാറ കനാലിൽ ദിനം പ്രതി രാവിലെ ഒരു മണിക്കൂർ വീതം 25 ദിവസമാണ് നീന്തൽ പരിശീലനം. ഡി.എ. നവീൻ, കെ.കെ. ബിജു, സി.എ. നിഷാദ് എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

# വിരമിച്ചവർക്കും ആനുകൂല്യം ലഭ്യമാക്കണം: കെപിപിഎ

മൂവാറ്റുപുഴ: വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ പോലീസ് സേനയിൽ നിന്നു വിരമിച്ചവർക്കും ലഭ്യമാക്കണമെന്ന് കേരള പോലീസ് പെൻഷനേഴ്സ് അസോസിയേഷൻ മൂവാറ്റുപുഴ മേഖല സമ്മേളനം ആവശ്യപ്പെട്ടു. [illegible]

# ശതാബ്ദി സമാപനം

[illegible]

# സെന്റ് ഫിലോമിനാസിൽ ചിൽഡ്രൻസ് പാർക്ക് ഉദ്ഘാടനം ചെയ്തു

ഇലഞ്ഞി: സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂൾ ആൻഡ് കോളജിൽ കുട്ടികൾക്കായി നിർമിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ ചിൽഡ്രൻസ് പാർക്ക് ഓസ്ട്രേലിയയിൽനിന്നെത്തിയ മുൻ വിദ്യാർഥി ... ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഫാ. ജോൺ എർണ്യാകുളത്തിൽ അധ്യക്ഷത വഹിച്ചു. ഫാ. ... ചാലപ്പുറത്ത്, മാത്യു ഇരുമ്പിപ്പാറ, സിസിലി ... ഷെർളി മാത്യു എന്നിവർ പങ്കെടുത്തു.

## ജനശ്രീ മിഷൻ വാർഷികാഘോഷം

ഇലഞ്ഞി: പഞ്ചായത്ത് ... വാർഡ് ജനശ്രീ മിഷന്റെ വാർഷികം ... [illegible]

# വിലയിടിഞ്ഞിട്ടും മര

മൂവാറ്റുപുഴ: വിലയിടിഞ്ഞിട്ടും മര... സാഹചര്യമാണ് നില...

23/2/15 - Mangalam



## സ്കൂൾ വാർഷികാഘോഷം

പോത്താനിക്കാട്: പൈങ്ങോട്ടൂർ സെന്റ് ജോസഫ് എൽ.പി. സ്കൂൾ വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം ജോസഫ് വാഴയ്ക്കൻ എം.എൽ.എ. നിർവഹിച്ചു. ഹെഡ്മിസ്ട്രസ് സി. ജോസിൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ആനീസ് ഫ്രാൻസിസ്, സാബു മത്തായി, സജി ജോസഫ്, ഫാ.ജോസഫ് കോയിത്താനത്ത്, റീത്ത കുഞ്ചെറിയാൻ, നസീമ ബീവി, മണി ശങ്കരൻ, റോയി ഏഴുമാലിൽ, ട.എം. ജോർജ് എന്നിവർ സംസാരിച്ചു.

## സാംബവ മഹാസഭ നങ്ങേലിപ്പടി ശാഖ

കോതമംഗലം: സാംബവ മഹാസഭ നങ്ങേലിപ്പടി ശാഖ ഉദ്ഘാടനം നടത്തി. എ.കെ. സുകുമാരൻ അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് പി.കെ. ശിവൻ ഉദ്ഘാടനം ചെയ്തു. ജില്ല സെക്രട്ടറി കെ.പി. ഗോപിനാഥ്, താലൂക്ക് പ്രസിഡന്റ് എ.എൻ. ശശി, സെക്രട്ടറി വി.കെ. ഹരി, സി.എസ്. കൃഷ്ണൻകുട്ടി, എൻ.കെ. അജയൻ, കെ.കെ. ശശി, പ്രകാശ് പി.കെ. എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി എൻ.കെ. അയ്യപ്പൻ (പ്രസിഡന്റ്), പ്രകാശ് പി.കെ. (സെക്രട്ടറി), എൻ.കെ. വിജയൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

## മണ്ണ് സംരക്ഷണ സെമിനാർ നടത്തി

പെരുമ്പാവൂർ: ദേശീയ പരിസ്ഥിതി സംരക്ഷണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മണ്ണ് സംരക്ഷണ സെമിനാർ പരിസ്ഥിതി സംരക്ഷണ കോൺഗ്രസ് പ്രസിഡന്റ് സൈലാന ബഷീർ ഉദ്ഘാടനം ചെയ്തു. വാഴക്കുളം ബാബി അധ്യക്ഷത വഹിച്ചു. ഡോ. എം.സി. സുജാത ക്ലാസെടുത്തു. മെയറൻ തിരുവാണിയൂരിന്റെ ഫോട്ടോചിത്രം ഇല പ്രദർശിപ്പിച്ചു. കെ.ജി കുമാരൻകുട്ടി, കെ.പി ഗോപിനാഥ്, ആനിയമ്മ ജോസഫ്, ടി.പി വിജയമ്മ, കെ.കെ ജയൻ, പി.എ അമ്മു എന്നിവർ പ്രസംഗിച്ചു.

## മുൻകാല ഉത[...] നടത്തിപ്പ് അ[...]

മൂവാറ്റുപുഴ: കേസ് എത്രതന്നെ അനുകൂലമായാലും ദുർബലമായാലും എല്ലാ വശങ്ങളും പഠിച്ച് നല്ലരീതിയിൽ കോടതിയെ ബോധ്യപ്പെടുത്താൻ അഭിഭാഷകർ തയ്യാറാകണമെന്ന് ഹൈക്കോടതി ജഡ്ജി സഹ[...]ഷാദ്രിനാഥിയു. മുൻകാല കോടതി വിധികളെ മുൻ നിർത്തിയുള്ള കേസ് നടത്തിപ്പ് യഥാർത്ഥ വസ്തുത കോടതികൾ അറിയാതെ പോകാൻ ഇടയാക്കുമെന്നും അദ്ദേഹം പറഞ്ഞു. മൂവാറ്റുപുഴ ഡിസ്ട്രിക്റ്റ് കോർട്ട് ബാർ അസോസിയേഷൻ അഭിഭാഷകർക്കായി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ജസ്റ്റിസ്. അഭിഭാഷകരുടെ നിരീക്ഷണപാടവം സുപ്രധാനമാണ്. പൂർണ്ണ വിവരങ്ങൾ ശേഖരിക്കാതെയും രേഖകൾ പരിശോധിക്കാതെയും കേസുകൾ തയ്യാറാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ജോസ് വർഗീസ് അധ്യക്ഷത വഹിച്ചു. അഡീഷണൽ ജില്ലാ ജഡ്ജി സി.വി. ഫ്രാൻസിസ്, സെക്രട്ടറി അഡ്വ. കെ.ആർ. സുനിൽ കുമാർ, അഡ്വ. തോമസ് അധികാരം, അഡ്വ. റിജ ബാബു, അഡ്വ. അരുൺ ജോസഫ്, അഡ്വ. ഷമീർ എന്നിവർ പ്രസംഗിച്ചു.



▪ പൈങ്ങോട്ടൂർ സെന്റ് ജോസഫ് എൽ.പി. സ്കൂൾ വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം ജോസഫ് വാഴയ്ക്കൻ എം.എൽ.എ. നിർവഹിക്കുന്നു. ആനീസ് ഫ്രാൻസിസ്, സാബു മത്തായി, ഫാ.ജോസഫ് കോയിത്താനത്ത് എന്നിവർ സമീപം.

## വിശ്വജ്യോതിയിൽ ടെക്നിക്കൽ സെമിനാർ

മൂവാറ്റുപുഴ: വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് മെക്കാനിക്കൽ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ടെക്നിക്കൽ സ്കൂൾ വിദ്യാർഥികൾക്ക് നൂതന സാങ്കേതിക പരിജ്ഞാനം നൽകുന്നതിനായി സംഘടിപ്പിച്ച ജ്ഞാനോദയ ശ്രദ്ധേയമായി. കോളജ് ഡയറക്ടർ ഡോ. ജോർജ് താണത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ അധ്യക്ഷത വഹിച്ചു. മെക്കാനിക്കൽ വിഭാഗം മേധാവി പ്രഫ. വിനോദ് കെ., പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ. പ്രമോദ് എം., മെക്കാനിക്കൽ അസോസിയേഷൻ സെക്രട്ടറി അരവിന്ദ് എസ്. എന്നിവർ പ്രസംഗിച്ചു. ആയവന, വാരപ്പെട്ടി ടെക്നിക്കൽ ഹൈസ്കൂളുകളിലെ ഒമ്പതാം ക്ലാസ് വിദ്യാർഥികൾക്ക് രണ്ടുദിവസത്തെ ഔട്ട്കാമ്പ് വർക്ക്ഷോപ്പും വിവിധ എൻജിനീയറിംഗ് ലാബൊറട്ടറി സന്ദർശനവും ഉൾപ്പെടുത്തിയാണ് ജ്ഞാനോദയ സംഘടിപ്പിച്ചത്. ആയവന ടെക്നിക്കൽ സ്കൂൾ അധ്യാപകരായ മുരളി കെ.പി., വിനീത് കുമാർ, വാരപ്പെട്ടി ടെക്നിക്കൽ സ്കൂളിലെ അധ്യാപകരായ വി.പി. രമേശ്, പി.ജയ എന്നിവർ നേതൃത്വം നൽകി.

## പരിഷത്ത് യൂണിറ്റ് വാർഷികം

കോതമംഗലം: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കോതമംഗലം യൂണിറ്റ് വാർഷികം [...]

## മാറമ്പിള്ളി ബാങ്കിന് ഭൂ[...] വൻ അഴിമതിയ്ക്കു ന[...]

പെരുമ്പാവൂർ: ഓഫീസും സ്വന്ത സൗകര്യവുമുള്ളപ്പോൾ മാറമ്പിള്ളി സഹകരണ സംഘം ഓഫീസിനു വേണ്ടി അമിത വിലയ്ക്ക് ഭൂമി വാങ്ങാനുള്ള നീക്കത്തിന് പിന്നിൽ വൻ അഴിമതി ലക്ഷ്യം വയ്ക്കുന്നതായി ആരോപണം.

സൗകര്യമുള്ള കെട്ടിടവും ഫർണിച്ചറുകളും പ്രാപ്തരായ ജീവനക്കാരും ഉണ്ടെന്ന് വാർഷിക പൊതുയോഗത്തിൽ അവകാശപ്പെട്ട ഭരണസമിതി ബഹുഭൂരിപക്ഷം അംഗങ്ങളും പിരിഞ്ഞുപോയ ശേഷം സ്ഥലം വാങ്ങാൻ പ്രമേയം പാസാക്കി തീരുമാനിക്കുകയായിരുന്നു.

ഇതിനെതിരെ മാറമ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് സംരക്ഷണ സമിതി കൺവീനർ ടി.കെ.യു ഇക്ബാൽ ഹൈക്കോടതിയിൽ പൊതുതാൽപര്യ ഹർജി നൽകാനാണ് തീരുമാനം. എൽ.ഡി.എഫ് വാഴക്കുളം പഞ്ചായത്ത് കമ്മിറ്റിയും അഴിമതിയ്ക്കെതിരെ രംഗത്ത് വന്നിട്ടുണ്ട്.


സെന്റ് ഒന്നിന് മൂന്നര ലക്ഷം രൂപ പ്രകാരം മുപ്പത് സെന്റ് ഭൂമി ബാങ്കിന് വേണ്ടി വാങ്ങാനാണ് തീരുമാനം.

കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ നടക്കുമ്പോൾ പൊതുയോഗത്തിന്റെ അനുമതി വേണമെന്നിരിക്കെ പൊതുയോഗത്തിന്റെ അജണ്ടയിൽ ഇത് ചേർക്കുക പോലും ചെയ്തില്ല. പങ്കെടുത്ത 542 അംഗങ്ങളിൽ ബഹുഭൂരിപക്ഷവും പിരിഞ്ഞു പോയ ശേഷം പ്രത്യേകം പ്രമേയം അവതരിപ്പിച്ച് സ്ഥലം വാങ്ങാനുള്ള തീരുമാനം പാസാക്കിയെടുക്കുകയായിരുന്നു.

സെന്റ് ഒന്നിന് 2.4 ലക്ഷം രൂപ വിലയ്ക്ക് വിൽക്കാൻ സ്ഥലം ഉടമ നിശ്ചയിച്ച ഭൂമിയാണ് അധിക വില നൽകി ബാങ്ക് വാങ്ങാൻ തീരുമാനിച്ചതെന്ന് ടി.കെ.യു ഇക്ബാൽ പറയുന്നു.

സ്ഥലം 3.5 ലക്ഷത്തിന് ലഭ്യമെന്ന് കണക്കാക്കി കാണിച്ച് പ്രസിഡന്റിന്റെ ബന്ധുവായ സ്ഥല ഉടമയ്ക്ക് 2.60 ലക്ഷം രൂപ പ്രകാരം നൽകാനും അധികമുള്ള 27 ലക്ഷം ഭരണ സമിതി അംഗങ്ങളും ജീവനക്കാരും വീതം വയ്ക്കാനുമായിരുന്നു പദ്ധതിയെന്നും ഇക്ബാൽ ആരോപിക്കുന്നു.

ബാങ്കിനെതിരെ ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം വേണമെന്നാണ് വാഴക്കുളം എൽ.ഡി.എഫ് പാർട്ടിയുടെ ആവശ്യം. അടിയന്തരമായി പൊതുയോഗം വിളിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ കൺവീനർ [...]




▪ മാറ[...]

## പ്രായപൂർത്തിയാകാത്ത പെൺകുട്ടി[...] പീഡിപ്പിയ്ക്കാൻ ശ്രമിച്ച യുവാവ് അറ[...]

കോതമംഗലം: പതിനാലുകാരിയായ പെൺകുട്ടിയെ വീട്ടിൽ അതിക്രമിച്ചു കയറി പീഡിപ്പിക്കാൻ ശ്രമിച്ചുവെന്ന പരാതിയിൽ ആയവന പെരുമ്പല്ലൂർ കൊച്ചുകുടി സജി (38) നെ കോതമംഗലം പോലീസ് അറസ്റ്റുചെയ്തു.

കഴിഞ്ഞ വെള്ളിയാഴ്ച പുതുപ്പാടി ഭാഗത്താണ് സംഭവം. പെൺകുട്ടി തനിച്ചായിരുന്ന വീട്ടിൽ വെള്ളം ചോദിച്ചെത്തിയ സജി കടന്നുപിടിക്കുവാൻ ശ്രമിച്ചു.

പെൺകുട്ടി ബഹളം വച്ചതിനെതുടർന്ന് യുവാവ് ഓടി രക്ഷപ്പെടുകയായിരുന്നു. തുടർന്ന് പെൺകുട്ടി പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് കേസെടുത്ത് അന്വേഷിച്ചു വരികയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.



# മൂവാറ്റുപുഴ റബർ മാർക്കറ്റിംഗ് സൊസൈറ്റി ഭരണം ജനാധിപത്യ മുന്നണിക്ക്

മൂവാറ്റുപുഴ: റബർ മാർക്കറ്റിംഗ് സൊസൈറ്റി നമ്പർ-3094 ൽ നടന്ന ഭരണസമിതി തെരഞ്ഞെടുപ്പിൽ ജനാധിപത്യ മുന്നണി സ്ഥാനാർഥികൾ ഭരണം പിടിച്ചെടുത്തു.

റബർ മാർക്കറ്റിംഗ് സൊസൈറ്റി നമ്പർ-3094 ന്റെ പ്രസിഡന്റായി ജോർജ് ചുമ്മാർ ഇടപ്പാലക്കാട്ടിനെയും വൈസ് പ്രസിഡന്റായി സാബു ജോസ് പൊരുതൂരിനെയും തെരഞ്ഞെടുത്തു. ബോർഡ് അംഗങ്ങളായി ജോസഫ് പെരിയക്കോട്ടിൽ, ജോർഡി മാണേക്കുഴി, മത്തച്ചൻ പിണക്കാട്ടുപറമ്പിൽ, സി.വി. ജോയി ചെമ്പകശേരിൽ, സാജു മാത്യു പൊട്ടയ്ക്കൽ, പായിപ്ര കൃഷ്ണൻ, വി.കെ. ജോസ് വയലിക്കുടിയിൽ, സിൽസി സാബു പുളിയേടത്ത്, ആനി സാജൻ വെട്ടിയ്ക്കാമറ്റം എന്നിവരെ തെരഞ്ഞെടുത്തു.





■ ജോർജ് ചുമ്മാർ, സാബു ജോസ്

## പുലയർ മഹാസഭ

മൂവാറ്റുപുഴ: കേരള പുലയർ മഹാസഭ സൗത്ത് പായിപ്ര ശാഖ രൂപീകരിച്ചു. ലീല തങ്കപ്പന്റെ അധ്യക്ഷതയിൽ താലൂക്ക് പ്രസിഡന്റ് എം.പി. തങ്കപ്പൻ, ടി.ഒ. ചന്ദ്രൻ, കെ.പി. ഭാസ്കരൻ, അജേഷ് കുമാർ, പി.എ. രവി, പി.കെ. മനോജ്, പായിപ്ര കൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു. ഭാരവാഹികളായി അജേഷ് കുമാർ (പ്രസിഡന്റ്), രാജപ്പൻ ഒ.സി. (വൈസ് പ്രസിഡന്റ്), പി.എ. രവി (സെക്രട്ടറി), ഷിബു ഇ.എസ്. (ജോയിന്റ് സെക്രട്ടറി), ടി.പി. ഗോപി (ഖജാൻജി). മഹിളാ ഫെഡറേഷൻ ഭാരവാഹികളായി മണി കെ.കെ. (പ്രസിഡന്റ്), രാധാ ചന്ദ്രൻ (സെക്രട്ടറി), സുബിത സാജു (ഖജാൻജി) എന്നിവരെ തെരഞ്ഞെടുത്തു.

# കോതമംഗലം വാട്ടർ ട്രീറ്റ്മെന്റ്പ്ലാന്റ് ജംഗ്ഷൻ വികസിപ്പിക്കുന്നു

കോതമംഗലം: കോഴിപ്പിള്ളി റോഡിൽ നിന്ന് എം.എ. കോളജ് വഴി കൊച്ചി ധനുഷ്കോടി ഹൈവേയിലെത്തുന്ന റോഡിന്റെ പ്രവേശന കവാടമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ജംഗ്ഷൻ വികസിപ്പിക്കുന്നതിന് തുടക്കമായി. പൊതുമരാമത്ത് വകുപ്പും നഗരസഭയും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

നിർമാണോദ്ഘാടനം മുനിസിപ്പൽ ചെയർമാൻ കെ.പി. ബാബു നിർവഹിച്ചു. എൻ.സി. ചെറിയാൻ, ഷൈബി പൗലോസ്, എം.വി. ജേക്കബ്, കെ.പി. വർഗീസ്, അഗസ്റ്റിൻ കൊച്ചുവീട്ടിൽ, പി.എം. ഷാജി എന്നിവർ പ്രസംഗിച്ചു.

## ക്യാമ്പ് ഉദ്ഘാടനം

കോതമംഗലം: ദേശീയ സ്കൂൾ ചാമ്പ്യൻമാരായ സെന്റ്ജോർജ് ഹയർ സെക്കൻഡറി സ്കൂളിലെ അത്‌ലറ്റിക് കോച്ചിംഗ് ക്യാമ്പ് ഇ.വി.എം. മാട്ടാമെൽ ബെൻസ് എം.ഡി. സാബു ജോണി ഇടയ്ക്കാട്ടുകുടിയിൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഡോ.തോമസ് പെരിയപ്പുറം, കായികാധ്യാപകൻ രാജു പോൾ, പൂർവ വിദ്യാർഥി സംഘടനാ പ്രസിഡന്റ് ഇ.എം. സണ്ണി, കെന്നഡി പീറ്റർ, പി.വി. സേവ്യർ, ഇ.എം. ജോണി, ഫെലിക്സ് ജോർജ് അന്നാട്ട്, ചെറിയാൻ ജോസഫ്, ബെന്നി ചിറ്റുപറമ്പിൽ തുടങ്ങിയവർ പങ്കെടുത്തു.

## മാർച്ച് ഇന്ന്

മൂവാറ്റുപുഴ: പായിപ്ര പഞ്ചായത്തിലെ കുന്നത്താൻ ചിപ്പ് ബോർഡ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അടച്ചു പൂട്ടണമെന്നാവശ്യപ്പെട്ട് ഇന്ന് രാവിലെ 10ന് ജനകീയ സമരസമിതി മൂവാറ്റുപുഴ ആർ.ഡി. ഓഫീസിലേക്ക് മാർച്ച് നടത്തും.

കുന്നത്താൻ കമ്പനിയിൽ നിന്ന് പുറന്തള്ളുന്ന മാലിന്യം പ്രദേശത്തെ ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നതിനാൽ കമ്പനിക്കെതിരെ നടത്തിയ വിവിധ സമരങ്ങളുടെ ഭാഗമായാണ് ആർ.ഡി.ഒ. ഓഫീസ് മാർച്ച് നടത്തുന്നത്. രാവിലെ പത്തിന് വാഴപ്പിള്ളി കവലയിൽ നിന്ന് മാർച്ച് തുടങ്ങും.



■ കോതമംഗലം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ജംഗ്ഷൻ വികസിപ്പിക്കുന്നതിന്റെ നിർമാണോദ്ഘാടനം മുനിസിപ്പൽ ചെയർമാൻ കെ.പി.ബാബു നിർവഹിക്കുന്നു.

# പുതിയ തലമുറയ്ക്ക് ഗുരുത്വം നഷ്ടമാകുന്നു: ജസ്റ്റിസ് എസ്. സിരിജഗൻ

വാഴക്കുളം: പുതിയ തലമുറയുടെ ഗുരുത്വം നഷ്ടമാകുന്നുവെന്ന് ഹൈക്കോടതി മുൻ ജസ്റ്റിസ് എസ്. സിരിജഗൻ. വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോളജ് മാനേജർ മോൺ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, കോളജ് പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സി. പീറ്റർ, സ്ഥാപക മാനേജർ ഫാ. തോമസ് മലേക്കുടി, യൂണിയൻ ചെയർമാൻ ജോസ് കെ. ജോജൻ, വൈ. ചെയർപേഴ്സൺ ജയലക്ഷ്മി എസ്., ജനറൽ സെക്രട്ടറി മിഥുൻ മധുസൂദനൻ, യൂണിയൻ അഡ്വൈസർ സോമി പി. മാത്യു, സ്മിത ജേക്കബ് എന്നിവർ സംബന്ധിച്ചു.

## മാർച്ചും ധർണയും ഇന്ന്

പോത്താനിക്കാട്: വിവിധ ആവശ്യങ്ങളുന്നയിച്ച് യൂത്ത് കോൺഗ്രസ് പോത്താനിക്കാട് മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്നു രാവിലെ പത്തിന് പഞ്ചായത്ത് ഓഫീസിലേക്ക് മാർച്ചും ധർണയും നടക്കും.

മാർച്ച് കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് ജോസ് പെരുമ്പിള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യും.



...യ മഹോത്സവത്തോടനുബന്ധിച്ച് ക്ഷേ...

24/2/15
Mangalam